


# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2025
ജൂലൈ
01 – 15

Volume XIX Issue 13

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക




Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: timesofamerica.org
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



- Air Tickets
- Vacation & Cruise Booking
- Group Tour Packages
- Passport, Visa & OCI Services
- Passport Photos

FOR ALL YOU TRAVEL NEEDS PLEASE CONTACT US
(833) 8 GLOBAL | (215) 464-8253

GLOBAL TRAVEL EXPERTS

Main Office : 9823 Bustleton Ave., Philadelphia, PA 19115 | New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253


# ഇന്ത്യ യുഎസ് വ്യാപാര കരാർ 8ന് മുമ്പ്

വാഷിങ്ടൺ: തിരിച്ചടി തീരുവയ്ക്ക് പിന്നാലെ ഇന്ത്യ അമെരിക്ക ഇടക്കാല വ്യാപാര കരാർ ജൂലൈ എട്ടിനുള്ളിൽ പ്രഖ്യാപിച്ചേക്കും. ഇരു രാജ്യങ്ങളും തമ്മിൽ ഇക്കാര്യത്തിൽ ചർച്ചകൾ പൂർത്തിയായതായാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. രണ്ടു രാജ്യങ്ങളും ഇതിനകം തന്നെ പ്രധാന കാര്യങ്ങളിൽ ധാരണയിൽ എത്തിയതായാണ് കേന്ദ്ര വാണിജ്യ വകുപ്പ് വൃത്തങ്ങൾ വ്യക്തമാക്കുന്നത്.

ജൂലൈ 9 ന് ശേഷം മിക്ക രാജ്യങ്ങൾക്കുമുള്ള തീരുവയിൽ 90 ദിവസത്തെ താൽക്കാലിക വിരാമം നീട്ടാൻ പദ്ധതിയില്ലെന്ന് ഡോണൾഡ് ട്രംപ് പറഞ്ഞതിന് പിന്നാലെയാണിത്.

കരാറിന് അന്തിമ രൂപം നൽകുന്നതിനായി വാണിജ്യ വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി രാജേഷ് അഗർവാളിൻറെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം നിലവിൽ വാഷിങ്ടണിലാണ്. ഈ ഇടക്കാല കരാർ പ്രധാനമായും കൃഷി, ഓട്ടോമൊബൈൽ, വ്യാവസായിക ഉൽപന്നങ്ങൾ, തൊഴിൽ സാന്ദ്ര ഉൽപാദനങ്ങൾ തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ചാണ്. ഇക്കാര്യത്തിൽ ഇരു രാജ്യങ്ങൾക്കും തൃപ്തികരമായ രീതിയിലുള്ള കരാറിനാണ് ശ്രമം


# വിദേശ സഹായം നിർത്തലാക്കാനുള്ള ട്രംപിന്റെ തീരുമാനത്തിൽ വിമർശനം



വാഷിങ്ടൺ: വിദേശ സഹായം നിർത്തലക്കാനുള്ള യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ തീരുമാനം 2030 ആകുമ്പോഴേക്കും 14 ദശലക്ഷത്തിലധികം മരണങ്ങൾക്ക് കാരണമാകുമെന്ന് ദി ലാൻസെറ്റ് മെഡിക്കൽ ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണം പറയുന്നു. അകാല മരണത്തിന് സാധ്യതയുള്ളവരിൽ മൂന്നിലൊന്നും കുട്ടികളാണെന്നും പഠനത്തിൽ വ്യക്തമാക്കി.

യുഎസ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റിന്റെ (യുഎസ്ഐഎഡി) സഹായത്തിന്റെ 80% ത്തിലധികവും പ്രസിഡന്റ് ട്രംപിന്റെ ഭരണകൂടം റദ്ദാക്കിയതായി മാർച്ചിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പറഞ്ഞിരുന്നു

# ജന്മാവകാശ വിഷയത്തിൽ സുപ്രീം കോടതി തീരുമാനത്തെ സിഎപിഎസി അപലപിച്ചു



– പിപിഎം

യുഎസ് കോൺഗ്രസിലെ ഏഷ്യൻ പാസിഫിക് അമേരിക്കൻ കോക്കസ് ചെയർ റപ്. ഗ്രെയ്സ് മെങ് (ഡെമോക്രാറ്റ് ന്യൂയോർക്ക്) ജന്മാവകാശ വിഷയത്തിൽ സുപ്രീം കോടതി നൽകിയ തീരുമാനത്തെ വിമർശിച്ചു. 'സുപ്രീം കോടതിയുടെ തീരുമാനം എന്നെ അമ്പരപ്പിച്ചു,' മെങ് പറഞ്ഞു.'ജന്മാവകാശ പൗരത്വം ഇല്ലാതാക്കാൻ ട്രംപ് ഭരണകൂടം നടത്തുന്ന ഭരണഘടനാ വിരുദ്ധമായ നടപടികൾക്കു സുപ്രീം കോടതി അനുമതി നൽകിയിരിക്കയാണ്. ഈ വെളിവുകെട്ട വിധിയോടെ ആരാണ് അമേരിക്കൻ പൗരൻ എന്നു തീരുമാനിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കു നൽകിയിരിക്കുന്നു.

'യുഎസ് മണ്ണിൽ ജനിച്ച എല്ലാവർക്കും 14–ാം ഭേദഗതി പൗരത്വം ഉറപ്പു നൽകുന്നു. ഒരു നൂറ്റാണ്ടു മുൻപ് സുപ്രീം കോടതി തന്നെ അംഗീകരിച്ച നിയമം. ഇപ്പോൾ അതിന്റെ മെരിറ്റിനെ കുറിച്ചല്ല കോടതി പറയുന്നത്. ഭരണകൂടത്തിന്റെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനുള്ള ജഡ്ജുമാരുടെ അധികാരത്തിനു തടയിട്ടിരിക്കുന്നു. അത് കൂടുതൽ അരാജകത്വവും ഭിന്നതയുമാണ് സൃഷ്ടിക്കുക. നിയമയുദ്ധം തുടരുമ്പോൾ എഎപിഎസി ഭരണഘടനയെ സംരക്ഷിക്കാൻ വേണ്ടി നിലയുറപ്പിക്കും. ഈ രാജ്യത്തെ സ്വന്തമെന്നു വിളിക്കാൻ ഏഷ്യൻ അമേരിക്കർക്കും പാസിഫിക് ഐലൻഡേഴ്സിനും അനുമതി നൽകിയ അടിസ്ഥാന മൂല്യങ്ങളുണ്ട്. ഈ എക്സിക്യൂട്ടീവ് ഓർഡറിനെ ഞങ്ങൾ ഓരോ കോടതി മുറിയിലും ഓരോ സംസ്ഥാനത്തും രാജ്യത്തു ഒട്ടാകെയും എതിർക്കും – മെങ് പ്രതികരിച്ചു.

## ന്യു യോർക്ക് സിറ്റി മേയർ പ്രൈമറിയിൽ ഇന്ത്യൻ വംശജൻ സൊഹ്റാൻ മംദാനി വിജയിച്ചു

ന്യു യോർക്ക്: ന്യു യോർക്ക് സിറ്റി മേയർ സ്ഥാനത്തേക്ക് നടന്ന അത്യന്തം വാശിയേറിയ ഡമോക്രാറ്റിക് പ്രൈമറിയിൽ പ്രതീക്ഷിച്ച പോലെ ഇന്ത്യക്കാരനായ സൊഹ്റാൻ മംദാനി വിജയിച്ചു. മുഖ്യ എതിരാളി മുൻ ഗവർണർ ആൻഡ്രൂ എം. കോമോ പരാജയം സമ്മതിച്ചു. 90 ശതമാനം വോട്ട് എണ്ണിയപ്പോൾ മംദാനിക്ക് 425,297 വോട്ട് കിട്ടി.

## ഇറാനു യുറേനിയം സമ്പുഷ്ടമാക്കാൻ കഴിയുമെന്ന് അന്താരാഷ്ട്ര ആണവ ഏജൻസി

ഇറാന് മാസങ്ങൾക്കകം ആണവ ബോംബിന് ആവശ്യമായ യുറേനിയം സമ്പുഷ്ടമാക്കാനുള്ള പരിപാടി വീണ്ടും ആരംഭിക്കാൻ കഴിയുമെന്ന് യുഎൻ അന്താരാഷ്ട്ര ആണവ ഏജൻസി ഐ എ ഇ എയുടെ മേധാവി റഫായേൽ ഗ്രോസി പറയുന്നു.

ഇറാന്റെ ആണവ നിലയങ്ങൾക്കു ഗണ്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

യുഎസ് ആക്രമണങ്ങളിൽ നിന്നുണ്ടായ നാശനഷ്ടങ്ങളെ കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'നാശനഷ്ടങ്ങളെ നിർവചിക്കുന്നത് എങ്ങിനെ എന്നതിനെ ആശ്രയിച്ചിരിക്കും അത്. ഫോർദോ, നതാൻസ്, ഇസ്ഫഹാൻ എന്നിവിടങ്ങളിൽ യുറേനിയം സമ്പുഷ്ടമാക്കാൻ ഇറാന് ഉണ്ടായിരുന്ന സൗകര്യം ഗണ്യമായി നശിച്ചിട്ടുണ്ട്. ഇറാനുമായി കരാർ ഉണ്ടാക്കാൻ കഴിയുമെന്നതിന്റെ സൂചന നൽകിയ യുഎസ് വൈകാതെ ആരംഭിക്കും എന്നു പറയുന്ന ചർച്ചയിൽ ഐഎഇഎ പങ്കെടുക്കുന്നില്ലെന്നു ഗ്രോസി വ്യക്തമാക്കി.

ബോംബുണ്ടാക്കാൻ ഇറാൻ ശ്രമിച്ചതായി ഏജൻസിക്കു അറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഞങ്ങൾ ചോദിച്ച പലകാര്യങ്ങൾക്കും അവർ മറുപടി തന്നിട്ടില്ല. അതു പ്രധാനമാണ്. ഐഎഇഎയുമായി സഹകരണം നിർത്തിവയ്ക്കാൻ ഇറാൻ പാർലമെന്റ് കഴിഞ്ഞ ആഴ്ച തീരുമാനിച്ചിരുന്നു.




സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി. ഡി. എഫ് ഫയലിനോടൊപ്പം
www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം
ലെ മിസറാബ്ലിന്റെ പരിഭാഷയുടെ
100 – ാം വർഷം
ഈ ലക്കത്തിൽ

# കെ.എച്ച്.എൻ.എ. 2027 ഫ്ലോറിഡ കൺവൻഷൻ ടീം മുൻനിരയിലേക്ക്



– അരുൺ ഭാസ്കർ / സുരേഷ് നായർ

ഒരു വ്യാഴവട്ടത്തിലേറെ ഇടവേളക്കു ശേഷം അമേരിക്കൻ മലയാളികളുടെ സ്വപ്ന ഭൂമിയായ ഫ്ളോറിഡയിലേക്ക് മടങ്ങിയെത്താൻ ആഗ്രഹിക്കുന്ന കെ.എച്ച്.എൻ.എ. 2027 നേതൃനിരയിൽ പ്രസിഡന്റായി ടി.ഉണ്ണികൃഷ്ണൻ (ടാമ്പാ) സെക്രട്ടറിയായി സിനു നായർ (ഫിലാഡൽഫിയ) ട്രഷററായി അശോക് മേനോൻ (ഒർലാണ്ടോ) എന്നിവരോടൊപ്പം വൈസ് പ്രസിഡന്റായി സഞ്ജീവ് കുമാറും (ന്യൂജേഴ്സി) ജോയിന്റ് സെക്രട്ടറിയായി ശ്രീകുമാർ ഹരിലാലും (മയാമി) ജോയിന്റ് ട്രഷററായി അപ്പുകുട്ടൻ പിള്ളയും (ന്യൂയോർക്ക്) വരുന്നു.

വൈസ് പ്രസിഡന്റ് സ്ഥാനാർഥി സഞ്ജീവ് കുമാർ കേരള ഹിന്ദുസ് ഓഫ് ന്യൂജേഴ്സിയുടെ (കെ.എച്ച്.എൻ.ജെ) മുന്നണി പ്രവർത്തകനും 2019 മുതൽ 23 വരെ പ്രസിഡന്റും, 2019 കെ.എച്ച്.എൻ.എ. ന്യൂജേഴ്സി ഗ്ലോബൽ ഹിന്ദു സംഗമ വൈസ് ചെയ റും ഇപ്പോഴത്തെ കെ.എച്ച്.എൻ.എ. കൺവൻഷൻ രജിസ്ട്രേഷൻ ചെയറുമായി പ്രവർത്തിച്ചു തന്റെ സംഘാടക മികവ് തെളിയിച്ച വ്യക്തിയാണ്. കൂടാതെ അമേരിക്കയിലെ തന്നെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ കാഞ്ചിന്റെ മുൻ ജനറൽ സെക്രട്ടറിയും ഐടി പ്രൊഫെഷനലുമാണ്.

ജോ. സെക്രട്ടറി സ്ഥാനാർഥി ശ്രീകുമാർ ഹരിലാൽ 2013 കെ.എച്ച്.എൻ.എ. മയാമി നാഷണൽ കൺവൻഷൻ രെജിസ്ട്രേഷൻ ചെയർമാൻ, കേരള ഹിന്ദുസ് ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡന്റ്, 2015 ഡാളസ് കൺവൻഷൻ മേഖല കോ ചെയർ, 2025 കെ.എച്ച്.എൻ.എ. റീജിയണൽ ശുഭാരംഭം കോർ കമ്മിറ്റി അംഗം എന്നീ നിലകളിൽ ശ്രദ്ധേയനായ ദീർഘ കാല സംഘടന സഹയാത്രികനാണ്.

കഴിഞ്ഞ അരനൂറ്റാണ്ടായി ന്യൂയോർക്കിലെ മലയാളി സംഘടനാ രംഗത്തെ സജീവ സാന്നിധ്യമാണ് ജോ. ട്രഷററായി പത്രിക സമർപ്പിച്ചിട്ടുള്ള അപ്പുക്കുട്ടൻ പിള്ള. ഫൊക്കാനയുടെ വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ന്യൂയോർക്കിലെ ആദ്യകാല ഹൈന്ദവ കൂട്ടായ്മകളിൽ ഒന്നായ എൻ.ബി.എയുടെയും കേരള കൾച്ചറൽ അസോസിയേഷന്റെയും സ്ഥാപക അംഗങ്ങളിൽ ഒരാളും എൻ. ബി.എയുടെ മുൻ പ്രസിഡന്റുമാണ്.

ഓഗസ്റ്റ് 17 മുതൽ 19 വരെ ന്യൂജേഴ്സിയിൽ നടക്കുന്ന കെ.എച്ച്.എൻ.എ. സിൽവർജൂബിലി കൺവൻഷനിൽ വെച്ചാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിക്കുന്നത്. നാനൂറിൽപരം കുടുംബങ്ങൾ ഇതിനകം റജിസ്റ്റർ ചെയ്തിട്ടുള്ള കൺവൻഷനിൽ എല്ലാ ഹൈന്ദവ വിശ്വാസികളും കുടുംബസമേതം പങ്കെടുക്കണമെന്നും ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ടീമിനെ അംഗീകരിച്ച് അനുഗ്രഹിക്കണമെന്നും അഭ്യർത്ഥിക്കുന്നതായി സഞ്ജീവ് കുമാറും സിനു നായരും അശോക് മേനോനും ശ്രീകുമാർ ഹരിലാലും അപ്പുകുട്ടൻ പിള്ളയും സംയുക്തമായി അറിയിക്കുന്നു.

## Importance Days in July

1st July – **National Doctor's Day**

In India, Doctor's Day is observed on the 1st of July to mark the importance of doctors in our lives. This day is also meant to commemorate the medical industry and its advancements.

1st July – National Postal Worker Day

National Postal Worker Day is observed every year on 1st July to thank and appreciate all men and women who work consistently and diligently to deliver all our mail and packages.

1st July – **Canada Day**

Canada Day is celebrated annually on the 1st of July and it is a statutory holiday. This day marks the anniversary of the formation of the union of the British North American provinces in a federation under the name of Canada. Canada Day also means fireworks and the year's biggest national party.

1st July - **Chartered Accountants Day**

The Institute of Chartered Accountants of India (ICAI) was established on 1st July 1949 and so in India is marked as Chartered Accountants Day. It is the second-largest professional accounting and finance body in the world.

# ചരിത്രം കുറിച്ച് ജോർജിയ റീജിയൻ; ഉദ്ഘാടനം വർണാഭമായി



– ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂ യോർക്ക്: വലിയ പങ്കാളിത്തവും ശ്രദ്ധേയമായ പ്രസംഗങ്ങളും മികച്ച കലാ പരിപാടികളും കൊണ്ട് ഫൊക്കാന ജോർജിയ (റീജിയൻ 7) റീജിയന്റെ പ്രവർത്തന ഉദ്ഘാടനം വേറിട്ടതായി.

ജോൺസ് ക്രീക്കിലുള്ള സിക്സിർസ് സ്പോർട്സ് ക്ലബ്ബ് ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി. അറ്റലാന്റ കലാക്ഷേത്രം അവതരിപ്പിച്ച ചെണ്ട മേളത്തോടെ തുടക്കം. ഇന്ത്യൻ ദേശിയ ഗാനം ഗാമമലയാളീ അസോസിയേഷനിലെ മലയാളം അക്കാഡമിയുടെ കൊച്ചു കുട്ടികൾ പാടി. യുഎസ്. ദേശിയ ഗാനം പാടിയത് റിഷി മനോജ് ആണ്. റീജണൽ സെക്രട്ടറി രാഹുൽ നടരാജൻ ആമുഖ പ്രസംഗം നടത്തുകയും റീജിയണൽ വൈസ് പ്രസിഡന്റ് അനിൽ പിള്ള ഏവർക്കും സ്വാഗതം രേഖപ്പെടുത്തുകയും ചെയ്തു. ആദ്യമായാണ് ഈ റീജിയണിൽ ഫൊക്കാന ഇത്ര വിപുലമായ ഒരു റീജിണൽ ഉദ്ഘാടനം നടത്തുന്നത്. ഇന്ന് ഫൊക്കാന ഈ റീജിയണിലെ പ്രവർത്തനം വിപുലീകരിച്ചു കൊണ്ടിരിക്കുകയാണ് എന്നും റീജണൽ വൈസ് പ്രസിഡന്റ് അനിൽ പിള്ള അഭിപ്രായപ്പെട്ടു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ചീഫ് ഗസ്റ്റ് ആയി പങ്കെടുത്ത സ്റ്റേറ്റ് കോർട്ട് ജഡ്ജി ജെയിംസ് എ.ഡൺ, ബോർഡ് ഓഫ് കമ്മീഷണർ ചെയർമാൻ ആൽഫ്രഡ് ജോൺ, ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാന ട്രഷറർ ജോയി ചാക്കപ്പൻ, റീജിയണൽ വൈസ് പ്രസിഡന്റ് അനിൽ പിള്ള, സുധി ബാബു, വിമൻസ് ഫോറം നാഷനഷൻ സെക്രട്ടറി, വിമൻസ് ഫോറം റീജിയണൽ ചെയർ രേഖ നെടുംപുറത്ത് എന്നിവർ നിലവിളക്ക് കൊളുത്തി പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു.

പ്രസിഡന്റ് സജിമോൻ ആന്റണി ഐക്യം സമൂഹത്തിന് മാത്രമല്ല ഓരോ സംഘടനക്കും ആവിശ്യമാണെന്ന് എടുത്തു പറഞ്ഞു കൊണ്ട് സംസാരിച്ചു. സംഘടനകൾ മനുഷ്യന്റെ നന്മക്ക് വേണ്ടിയാകണം പ്രവർത്തനം നടത്തേണ്ടുന്നത്. അത് കണ്ടറിഞ്ഞ ഒരു പ്രവർത്തനമാണ് ഫൊക്കാന നടത്തുന്നത്. മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ്, ഹെൽത്തു ക്ലിനിക്, ഫൊക്കാന ഭവനം പ്രൊജക്റ്റ് അങ്ങനെ 22 ഇന പരിപാടികളുടെ പ്രവർത്തങ്ങളുമായി ഫൊക്കാനയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. അമേരിക്കയിലെ മലയാളീ സമൂഹത്തിന്റെ സംഘടനാ രംഗത്ത് സമാനതകൾ ഇല്ലാത്ത ഒരു പ്രവർത്തനമാണ് ഇന്ന് ഫൊക്കാന നടത്തുന്നത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ 41 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനക്ക് ഒരു സ്ഥാനം ഉണ്ട്. ഫൊക്കാനയിൽ 105 സംഘടനകൾ ഉണ്ട്. വളരെ അധികം പുതിയ സംഘടനകളുടെ അപേക്ഷ വരുന്നുണ്ട് എന്നും സജിമോൻ അഭിപ്രായപ്പെട്ടു.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനയുടെ കേരളാ കൺവെൻഷനെ പറ്റിയും 2026 നടക്കുന്ന കലഹാരി കൺവെൻഷനെ പറ്റിയും വിശദീകരിച്ചു.

ട്രഷറർ ജോയി ചാക്കപ്പൻ ഫൊക്കാനയുടെ കണക്കുകൾ സുതാര്യമായിരിക്കും എന്നും, കേരളാ കൺവെൻഷനെ പറ്റിയും അതിന്റെ പ്രത്യേകതകളും വിശദീകരിച്ചു സംസാരിച്ചു.

ഇത്തരമൊരു സംഗമം ജോർജിയയിൽ ആദ്യമാണെന്ന് സതി നാഗരാജൻ (പ്രസിഡന്റ് ഗാമ) അഭിപ്രായപ്പെട്ടു.

ഫൊക്കാനയുടെ ഭാഗമായി പ്രവർത്തിക്കുന്നതിൽ അതിയായ സന്തോഷമേയുള്ളൂ എന്ന് അമ്മ പ്രസിഡന്റ് ജിത്തു വിനോയി അഭിപ്രായപ്പെട്ടു.

മന്ത്രി വി. എൻ. വാസവൻ (ഫൊക്കാന അംബാസിഡർ) അയച്ചു തന്ന വീഡിയോ മെസേജ് പ്ലേ ചെയ്യുകയുണ്ടായി.

നവീൻ നായർ (റീജിയണൽ കോർഡിനേറ്റർ, ജോർജ് മേലേതിൽ (ജോയിന്റ് റീജിയണൽ കോർഡിനേറ്റർ, റീജണൽ സെക്രട്ടറി രാഹുൽ നടരാജൻ, റീജണൽ ട്രഷറർ ജോർജ് ബിനോയി, റീജിയണൽ സ്പോർട്സ് കോർഡിനേറ്റർ ബിനീഷ് ആന്റണി, റീജണൽ ചാരിറ്റി ചെയർ ജെറീഷ് അഗസ്റ്റിൻ, റീജണൽ കൾച്ചറൽ ചെയർ മേഘ്നാ നാഗരാജൻ, റീജണൽ ബിസിനസ് ആന്റ് മാർക്കറ്റിംഗ് ചെയർ ബോബു പുതീക്കൽ, റീജണൽ ഇവന്റ് ചെയർ പൂജ സതീഷ്, റീജണൽ അഗ്രിക്കൾച്ചറൽ ചെയർ ശാഹുൽ വട്ട, റീജണൽ കമ്മിറ്റി മെംബേർസ് ആയ സിനു വർഗീസ്, ലോണാ ബാബു, റെജി ജേക്കബ്, ജേക്കബ് വർഗീസ്, റീജണൽ വിമെൻസ് ഫോറം ചെയർ രേഖ നെടുംപുറത്ത്, റീജണൽ വിമെൻസ് ഫോറം കോ ചെയർ സുബി ബോബു, റീജണൽ അഡ്വൈസറി ബോർഡ് മെംബർ സതി നാഗരാജൻ (പ്രസിഡന്റ് ഗാമ), റീജണൽ അഡ്വൈസറി ബോർഡ് മെംബർ ഷിബു പിള്ള (പ്രസിഡന്റ് കെ.എ.എൻ. നാഷിൽ), റീജണൽ കമ്മിറ്റി മെംബർ അനീഷ് കുര്യൻ, റീജിണൽ യൂത്ത് റെപ്പ് നിരഞ്ചൻ ഷിബു എന്നിവർ നേതൃത്വം നൽകി.

വിമെൻസ് ഫോറം റീജണൽ ഉദ്ഘാടനവും നടന്നു. റീജണൽ വിമെൻസ് ഫോറം ചെയർ രേഖ നെടുംപുറത്ത്, വിമെൻസ് ഫോറം കോ ചെയർ സുബി ബോബു, റീജണൽ വിമെൻസ് ഫോറം സെക്രട്ടറി ബിന്ദുമോൾ സുകുമാർ, റീജണൽ വിമെൻസ് ഫോറം ജോയിന്റ് സെക്രട്ടറി ബിന്ദു അനിൽ, റീജണൽ വിമെൻസ് ഫോറം ട്രഷറർ ബ്രിഡ്ജറ്റ് സിനു, വിമെൻസ് ഫോറം നാഷണൽ സെക്രട്ടറി സുബി ബോബു എന്നിവർ നേതൃത്വം നൽകി.

അനില ഹരിദാസ് നേതൃത്വം കൊടുത്ത നൂപുര സ്കൂൾ ഓഫ് ഭരതനാട്യം അവതരിപ്പിച്ച ഭരതനാട്യവും, രാഖി രാജീവ് ലീഡ് ചെയ്ത നൂപുര ഡാൻസ് അക്കാദമിയുടെ ക്ലാസിക്കൽ ഡാൻസും, രശ്മി ജയരാജൻ ലീഡ് ചെയ്ത ടീം സാര്യയുടെ ബോളിവുഡ് ഡാൻസും, രേഖ സുഭാഷ് ലീഡ് ചെയ്ത സഹസ്ര ഡാൻസ് അക്കാഡമിയുടെ സെമി ക്ലാസിക്കൽ ഡാൻസ് എന്നിവ ഏവരുടെയും മനം കവർ ന്നു. മൊവിന നാഗരാജൻ, ആശാ ഫ്രാൻസിസ് എ, മനോജ് രാജപ്പൻ എന്നിവർ മനോഹരമായ മ്യൂസിക് പെർഫോമൻസുകൾ നടത്തി. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ കൂടി ആയ ലോണാ ബാബു അവതരിപ്പിച്ച മിമിക്രിയും ഹൃദയഹാരി ആയിരുന്നു. പൂജ സതീഷ് (റീജണൽ ഇവന്റ് കമ്മിറ്റി കോർഡിനേറ്റർ) ഇനാഗുറേഷൻ എം.സി ആയും മേഘന നാഗരാജൻ (കൾച്ചറൽ കമ്മിറ്റി ചെയർ) കൾച്ചറൽ പ്രോഗ്രാമിന്റെ എം.സി ആയും പ്രവർത്തിച്ചു.

റീജിയണൽ ബിസിനസ് ആൻഡ് മാർക്കറ്റിങ് ചെയർ ബോബു പുതീക്കൽ, റീജിയണൽ വൈസ് പ്രസിഡന്റ് അനിൽ പിള്ള, റീജിയണൽ ട്രഷറർ ജോർജ് ബിനോയ് എന്നിവർ സ്പോൺസേർസിനെ ആദരിച്ചു. റീജിയണൽ ജോയിന്റ് കോഓർഡിനേറ്റർ ജോർജ് മേലത്ത് ഏവർക്കും നന്ദി പറഞ്ഞു.

## ഹിന്ദുമത നേതാവ് കാജൽ സിംഗളയുടെ യുഎസ് പരിപാടി റദ്ദാക്കണമെന്നു ഐ എ എം സി

**- പിപിഎം**

ഗുജറാത്തിൽ നിന്നുള്ള ഹിന്ദുമത നേതാവ് കാജൽ സിംഗള (കാജൽ ഹിന്ദുസ്ഥാനി) യുഎസിൽ നടത്തുന്ന പ്രഭാഷണം തടയണമെന്നു ഇന്ത്യൻ അമേരിക്കൻ മുസ്‌ലിം കൗൺസിൽ (ഐ എ എംസി) ആവശ്യപ്പെട്ടു. കാജൽ സിംഗള തീവ്രവാദിയാണെന്നു സംഘടന ആരോപിക്കുന്നു.

ടെക്സസിലെ ഡാളസിൽ ജൂൺ 29നു ഭാരതീയ നിവാസിലാണ് ഗ്ലോബൽ ഹിന്ദു ഹെറിറ്റേജ് ഫൗണ്ടേഷനും വിശ്വ ഹിന്ദു പരിഷത് അമേരിക്കയും ചേർന്നു സംഘടിപ്പിക്കുന്ന പരിപാടി.

ക്രിസ്ത്യാനികൾക്കും മുസ്‌ലിങ്ങൾക്കും എതിരെ വിദ്വേഷം പ്രചരിപ്പിക്കുന്നതിന്റെ ദീർഘകാല ചരിത്രമുള്ള നേതാവാണ് സിംഗള എന്ന് ഐ എ എംസി ആരോപിക്കുന്നു. അതു കൊണ്ട് ആ പ്രഭാഷണം തടയണം. അതിനെതിരെ ശബ്ദം ഉയർത്താൻ ഡാളസ് സമൂഹത്തോട് അവർ അഭ്യർഥിച്ചു.

2023ൽ തന്നെ കാജൽ സിംഗള 35 വിദ്വേഷ പ്രസംഗങ്ങൾ നടത്തിയെന്നാണ് ആരോപണം. അക്രമത്തിനു അവർ ആഹ്വാനം ചെയ്തു. ക്രിസ്ത്യാനികൾക്കും മുസ്‌ലിങ്ങൾക്കും എതിരെ ആയുധം എടുക്കാനും അവരെ സാമ്പത്തികമായി ബഹിഷ്കരിക്കാനും അവർ ആഹ്വാനം ചെയ്തു. 2024ൽ സമാനമായ 23 വിദ്വേഷ പ്രസംഗങ്ങൾ നടത്തി യെന്നാണ് ഇന്ത്യ ഹെയ്റ്റ് ലാബിന്റെ റിപ്പോർട്ട്. 2021ൽ മുസ്‌ലിങ്ങളുടെ വംശീയ ഉന്മൂലനത്തിനു ആഹ്വാനം ചെയ്ത ഹിന്ദു സന്യാസി യതി നർസിംഗാനന്ദ് പങ്കെടുക്കാനിരുന്ന പരിപാടി വിഎച്ച്പിഎ സംഘടിപ്പിച്ചത് സമൂഹത്തിന്റെയും മനുഷ്യാവകാശ സംഘടനകളുടെയും എതിർപ്പ് മൂലം ഉപേക്ഷിക്കേണ്ടി വന്നിരുന്നുവെന്നു ഐഎഎംസി ചൂണ്ടിക്കാട്ടി.

മത അടിസ്ഥാനത്തിലുള്ള വിദ്വേഷ അക്രമത്തിന്റെ പേരിൽ സിംഗളയെ ഇന്ത്യയിൽ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു ഐഎഎംസി ആരോപിച്ചു. ' വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും ഭാഷ അമേരിക്കൻ സമൂഹത്തിൽ അനുവദിക്കാൻ പാടില്ല,'- അവർ പറഞ്ഞു.

## ഐഓസി ഫിലാഡൽഫിയ ചാപ്റ്റർ നിലമ്പൂർ ഇലക്ഷൻവിജയംആഘോഷിച്ചു



**- സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫിലാഡൽഫിയ ചാപ്റ്റർ മയൂര റെസ്റ്ററന്റിൽ സംഘടിപ്പിച്ച നിലമ്പൂർ ഇലക്ഷൻ വിജയാഘോഷം വൻപിച്ച ജനപിന്തുണയോടെ ആഘോഷിക്കപ്പെട്ടു. മയൂര റെസ്റ്ററന്റ് ഉടമയും ഐ ഓ സി ഫിലാഡൽഫിയ ചാപ്റ്റർ ജോയിന്റ് ട്രഷററും ആയ ഷാജി സുകുമാരൻ സ്പോൺസർ ചെയ്ത വിക്ടറി പാർട്ടിയിൽ ഫിലാഡൽഫിയയിലെ നിരവധി സാമൂഹിക സാംസ്കാരിക നേതാക്കൾ പങ്കെടുത്തു.

ഐഓസി ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയേൽ അധ്യക്ഷത വഹിച്ച ആഘോഷ പരിപാടിയിൽ ജനറൽ സെക്രട്ടറി സുമോദ് റ്റി നെല്ലിക്കാല യോഗ പരിപാടികൾ നിയന്ത്രിച്ചു.

ഐഓസി ഫിലാഡൽഫിയ ചാപ്റ്റർ ചെയർമാൻ സാബു സ്കറിയ സ്വാഗതവും ട്രഷറർ ഫിലിപ്പോസ് ചെറിയാൻ നന്ദിയും നടത്തി.

ഐഓസി ഫിലാഡൽഫിയ ഭാരവാഹികളായ അലക്സ് തോമസ്, ജീമോൻ ജോർജ്, ജെയിംസ് പീറ്റർ, ഫിലാഡൽഫിയയിലെ സാമൂഹിക നേതാക്കളായ വിൻസെന്റ് ഇമ്മാനുവേൽ, സുധ കർത്താ, ജോൺ പണിക്കർ, മോഡി ജേക്കബ്, ജോർജ് നടവയൽ, തോമസ് പോൾ, സ്റ്റാൻലി ജോൺ എന്നിവരും പ്രസംഗിച്ചു.

മലയാള സിനിമ സംഗീത സംവിധായകൻ ഷാജി സുകുമാരൻ അവതരിപ്പിച്ച ഗാന സന്ധ്യ പരിപാടിക്ക് കൊഴുപ്പേകി. സോബി ഇട്ടി ഛായാഗ്രഹണം നിർവഹിച്ചു.

## തോമാശ്ലീഹായുടേയും അൽഫോൻസാമ്മയുടെയും സംയുക്ത തിരുനാൾ ജൂലൈ 6 വരെ

**- സെബാസ്റ്റ്യൻ ആന്റണി**

ന്യൂജേഴ്‌സി: സോമർസെറ്റ് സെന്റ് തോമസ് സീറോ മലബാർ കാത്തലിക് ഫൊറോനാ ദേവാലത്തിൽ ഭാരതത്തിന്റെ അപ്പസ്തോലനും ഇടവക മധ്യസ്ഥനുമായ വിശുദ്ധ തോമാശ്ലീഹായുടേയും ഭാരതത്തിലെ ആദ്യ വിശുദ്ധ അൽഫോൻസാമ്മയുടേയും തിരുനാൾ ജൂലൈ 6 വരെ സംയുക്തമായി കൊണ്ടാടുമെന്ന് ഇടവക വികാരി ഫാ. ആന്റണി പുല്ലുകാട്ട് സേവ്യർ, ഇടവകയുടെ പുതിയ വികാരിയായി ചുമതലയെടുക്കുന്ന ഫാ.ജോണിക്കുട്ടി പുലിശ്ശേരി എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു.

തിരുനാളിനു ആരംഭം കുറിച്ചുള്ള കൊടിയേറ്റം ജൂൺ 27 ന് വെള്ളിയാഴ്ച വൈകിട്ട് 7.15ന് വിശുദ്ധ യൂദാശ്ലീഹായുടെ നൊവേനക്കും തുടർന്ന് ആഘോഷമായ ദിവ്യബലിക്കും ശേഷം നടന്നു.

ദിവ്യബലിക്ക് റവ.ഫാ. ഫിലിപ്പ് വടക്കേക്കര മുഖ്യകാർമ്മികത്വം വഹിക്കും. എല്ലാ പിതാക്കന്മാർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ നടക്കും. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടക്കും. പ്രാർഥന ചടങ്ങുകൾക്ക് സെന്റ് തോമസ് വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകി

ജൂൺ 28ന് ശനിയാഴ്ച രാവിലെ 9.00ന് നിത്യസഹായ മാതാവിനോടുള്ള നൊവേനയും തുടർന്ന് നടക്കുന്ന വിശുദ്ധ ദിവ്യബലിക്ക് റവ.ഫാ. അബ്രഹാം ഒരപ്പാങ്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി സഹകാർമികത്വം വഹിച്ചു. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടത്തപ്പെടും. അന്നേ ദിവസം കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ നടന്നു.

ജൂൺ 29 ന് ഞായറാഴ്ച രാവിലെ 7.30 നും, 11:30നുമായി രണ്ടു ദിവ്യബലികൾ (മലയാളം ) ഉണ്ടായിരുന്നു.

വികാരി ഫാ.ആന്റണി പുല്ലുകാട്ട് സേവ്യറിന്റെ മുഖ്യകാർമികത്വത്തിൽ നടക്കുന്ന വിശുദ്ധ ദിവ്യബലിയോടെ തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കമായി. ഗ്രാന്റ് പേരെന്റ്സ് ഡേ ആയി ആചരിക്കും. എല്ലാ ഗ്രാന്റ് പേരന്റ്സിനും വേണ്ടി പ്രത്യക പ്രാഥനകളും നടത്തപ്പെടും. വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേന പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. തിരുനാൾ പ്രാർഥനകൾക്ക് സെന്റ് പോൾ വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂൺ 30ന് തിങ്കളാഴ്ചയിലെ തിരുകർമ്മങ്ങൾ വൈകിട്ട് 7:30ന് റവ. ഫാ. സിമ്മി തോമസ്, റവ.ഫാ.വിൻസെന്റ് പാങ്ങോല എന്നിവരുടെ മുഖ്യകാർമികത്വത്തിൽ നടന്നു. ഇടവക വികാരി സഹകാർമികത്വം വഹിക്കും. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടന്നു. എല്ലാ അമ്മമാർക്കും വേണ്ടി പ്രത്യേക പ്രാർഥനകളും നടത്തപ്പെട്ടു..

ജൂലൈ 1ന് ചൊവാഴ്ച്ച വൈകിട്ട് 7.15ന് ഉണ്ണി ഈശോയുടെ നൊവേനയോടെ തിരുക്കർമ്മങ്ങൾക്ക് തുടക്കമാവും. ഇടവകയുടെ പുതിയ വികാരി ഫാ.ജോണിക്കുട്ടി പുലിശ്ശേരിയുടെ മുഖ്യകാർമികത്വത്തിൽ നടക്കും. തുടർന്ന് പതിവുപോലെ അൽഫോൻസാമ്മയുടെ മധ്യസ്ഥതയിലുള്ള നൊവേനയും നടക്കും. കുട്ടികളുടെ ദിനമായി ഈ ദിവസം ആചരിക്കും. അവർക്കായി പ്രത്യേക പ്രാർഥനകളും നടക്കും. പ്രാർഥനകൾക്ക് സെൻറ് ആന്റണി വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂലൈ 2ന് ബുധനാഴ്ചയിലെ ആഘോഷമായ തിരുകർമ്മങ്ങൾക്ക് റവ.ഫാ.മെൽവിൻ പോൾ മുഖ്യകാർമികത്വം വഹിക്കും. ഇടവക വികാരി സഹകാർമികത്വം വഹിക്കും. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടത്തപ്പെടും. ഈ ദിവസം യുവജന ദിനമായി ആചരിക്കും. എല്ലാ യുവാക്കൾക്കും വേണ്ടി പ്രത്യേക പ്രാർഥനകളും നടത്തപ്പെടും. പ്രാർഥനക്ക് സെൻറ് ജോസഫ് വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂലൈ 3ന് വ്യാഴാഴ്ച വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (രക്തസാക്ഷിത്വ ദിനം) ഭക്ത്യാദരപൂർവം ആചരിക്കും. വൈകിട്ട് 5:30ന് നടക്കുന്ന ആഘോഷമായ ഇംഗ്ലീഷിലുള്ള ദിവ്യബലി റവ. ഫാ. മെൽവിൻ പോളിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. തുടർന്ന് 7:30ന് മലയാളത്തിൽ നടക്കുന്ന ആഘോഷമായ ദിവ്യബലി, ഇടവക വികാരി ജോണിക്കുട്ടി പുലിശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിലും നടത്തപ്പെടും. ദിവ്യബലിയെ തുടർന്ന് പതിവുപോലെ വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടത്തപ്പെടും. അന്നേദിവസം ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക പ്രാർഥനകളും നടക്കും. പ്രാർഥനാ ചടങ്ങുകൾക്ക് സെൻറ് അൽഫോൻസാ വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂലൈ 4ന് അമേരിക്കയുടെ സ്വാതന്ത്ര്യദിന ആഘോഷത്തോടനുബന്ധിച്ചു രാവിലെ 8:45ന് ഇടവക വികാരിയുടെ മുഖ്യകാർമികത്വത്തിലുള്ള വിശുദ്ധ ദിവ്യബലി അർപ്പിക്കും. സെന്റ് ജൂഡ് നൊവേനയും, വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും തുടർന്ന് നടക്കും.

വൈകിട്ട് 7:15ന് വിശുദ്ധ കുർബാനയുടെ ആരാധനയും തുടർന്ന് വിശുദ്ധ ദിവ്യബലിയും വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടത്തപ്പെടും. ദിവ്യബലി ഡിവൈൻ മേഴ്‌സി ഹീലിംഗ് സെന്റർ ഡയറക്ടർ റവ.ഫാ. ജോസ് കണ്ണംപള്ളിയുടെ മുഖ്യകർമ്മികത്വത്തിൽ നടക്കും. ഇടവക വികാരി സഹകാർമികത്വം വഹിക്കും. അന്നേ ദിവസം രോഗശാന്തി പ്രാർഥന ദിനമായി ആചരിക്കും. എല്ലാ രോഗികൾക്കുവേണ്ടിയും പ്രത്യേക പ്രാർഥനകളും നടത്തപ്പെടും. പ്രാർഥനകൾക്ക് സെൻറ് ജോർജ് വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂലൈ 5ന് ശനിയാഴ്ച രാവിലെ 9ന് നിത്യസഹായ മാതാവിനോടുള്ള നൊവേനയും തുടർന്ന് നടക്കുന്ന വിശുദ്ധ ദിവ്യബലിക്ക് റവ. ഫാ.ജോസ് അലക്സ് മുഖ്യകർമ്മികത്വം വഹിക്കും. ഇടവക വികാരി സഹകാർമികത്വം വഹിക്കും. തുടർന്ന് വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേനയും നടത്തപ്പെടും. സഭക്കും വൈദികർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾ നടത്തപ്പെടും. പ്രാർഥനകൾക്ക് സെൻറ് തെരേസ ഓഫ് കൽക്കട്ട വാർഡ് കുടുംബാംഗങ്ങൾ നേതൃത്വം നൽകും.

ജൂലൈ 6ന് ഞായറാഴ്ച പ്രധാന തിരുനാൾ ദിനത്തിൽ വൈകിട്ട് നാല് മുപ്പതിന് രൂപ പ്രതിഷ്ഠയോടെ തിരുനാൾ ചടങ്ങുകൾ ആരംഭിക്കും. ആഘോഷമായ വിശുദ്ധ ദിവ്യബലിക്ക് ഗോരാക്പൂർ രൂപതാമെത്രാൻ അഭിവന്ദ്യ മാർ മാത്യു നെല്ലിക്കുന്നേൽ, റവ.ഫാ.സിമ്മി തോമസ് എന്നിവരോടൊപ്പം ഇടവക വികാരിയും സന്നിഹിതനായിരിക്കും. ദേവാലയത്തിലെ മുഖ്യ തിരുകർമ്മങ്ങൾക്കുശേഷം വിശുദ്ധരുടെ രൂപം വഹിച്ചുകൊണ്ടുള്ള നഗരികാണിക്കൽ പ്രദക്ഷിണവും തിരുശേഷിപ്പ് വണക്കവും അടിമ സമർപ്പണവും പ്രസുദേന്തിവാഴ്ചയും നടക്കും.

തിരുനാൾ ആഘോഷങ്ങളോടനുബന്ധിച്ചു വൈകിട്ടു 7:30 മുതൽ വിവിധ കലാപരിപാടികൾ അരങ്ങേറും. മ്യൂസിക്കൽ ഷോ, ശിങ്കാരി മേളം, ബ്ലൂകെട്, ഇലക്റ്റിക് ഗ്രൂവ്സ്, റാഫിൾ, യൂത്ത് ബാൻഡ് തുടർന്ന് ഫയർ വർക്സും നടക്കും.

ജൂലൈ 7ന് തിങ്കളാഴ്ച വൈകിട്ട് 7.30ന് വിശുദ്ധബലിയും മരിച്ചവർക്കുവേണ്ടയുള്ള പ്രത്യേക പ്രാർഥകളും തുടർന്ന് കൊടിയിറക്കവും നടക്കും.

ഈവർഷത്തെ തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത് ജെയ്സൺ അലക്സ് ആൻഡ് ബീന ജെയ്സൺ, റോബിൻ ആൻഡ് ദീപ ജോർജ്, സ്റ്റീഫൻ ഈനാശു ആൻഡ് ഷൈൻ സ്റ്റീഫൻ എന്നീ കുടുംബാംഗങ്ങൾ ആണ്.

തിരുനാളിനോടനുബന്ധിച്ച് ദേവാലയത്തിലെ വിവിധ ഭക്തസംഘടനകൾ നടത്തുന്ന സ്റ്റാളുകൾ പ്രവർത്തിക്കുന്നതാണെ ന്ന് തിരുനാളിന്റെ സംഘാടകർ അറിയിച്ചു. തിരുനാളിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി ഇടവക വികാരി റവ. ഫാ. ജോണിക്കുട്ടി പുലിശ്ശേരി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് :

ബോബി വർഗീസ് (ട്രസ്റ്റി) 201 927 2254, റോബിൻ ജോർജ് (ട്രസ്റ്റി), 848 391 6535, സുനിൽ ജോസ് (ട്രസ്റ്റി) 732 421 7578, ലാസർ ജോയ് വെള്ളാറ (ട്രസ്റ്റി) 201 527 8081.

## നവകേരള മലയാളി അസോസിയേഷന് ഫോമയിൽ അംഗത്വം



മയാമി: സൗത്ത് ഫ്ളോറിഡയിലെ പ്രമുഖ മലയാളി സംഘടനയായ നവകേരള മലയാളി അസോസിയേഷന് ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്ക (ഫോമ) യിൽ അംഗത്വം ലഭിച്ചു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിന്റെ അധ്യക്ഷതയിൽ കൂടിയ നാഷണൽ കമ്മിറ്റി യോഗമാണ് നവ കേരള മലയാളി അസോസിയേഷന് അംഗത്വം നൽകാൻ തീരുമാനം എടുത്തത്.

ക്രെഡൻഷ്യൽ കമ്മറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷമാണ് നവകേരള മലയാളി അസോസിയേഷന് അംഗത്വം നൽകിയത്. ഇത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പ് ഫോമ ജനറൽ സെക്രട്ടറി ബൈജു വർഗീസിൽ നിന്നും ലഭിച്ചതായി നവകേരള പ്രസിഡന്റ് സൈമൺ പാറത്താഴം, സെക്രട്ടറി ലിജോ പണിക്കർ, ട്രഷറർ സുശീൽ നാലകത്ത് എന്നിവർ പറഞ്ഞു.

സൗത്ത് ഫ്ളോറിഡയിൽ സജീവ സാന്നിധ്യമായ നവ കേരള മലയാളി അസോസിയേഷന് അർഹതയ്ക്ക് അംഗീകാരമായി അംഗത്വം നൽകാൻ തീരുമാനം എടുത്ത നാഷണൽ കമ്മറ്റിയോടും കമ്മറ്റി അംഗങ്ങളോടും ക്രെഡൻഷ്യൽ കമ്മറ്റിയോടുമുള്ള ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും അറിയിക്കുന്നതായി നവകേരള ഭാരവാഹികൾ പറഞ്ഞു.

## രേഖകൾ ഇല്ലാത്ത വിദ്യാർത്ഥികളെ തിരിച്ചറിയാൻ ടെക്സസ് പൊതു സർവകലാശാലകൾക്ക് നിർദ്ദേശം

ടെക്സസ്: ടെക്സസ് പൊതു കോളേജുകളോടും സർവകലാശാലകളോടും അവരുടെ വിദ്യാർത്ഥികളിൽ ആരൊക്കെ നിയമവിരുദ്ധമായി രാജ്യത്ത് താമസിക്കുന്നുണ്ടെന്ന് തിരിച്ചറിയാൻ ആവശ്യപ്പെട്ടു.

ടെക്സസ് ഉന്നത വിദ്യാഭ്യാസ കോർഡിനേറ്റിംഗ് ബോർഡ് കമ്മീഷണർ വിൻ റോസർ കഴിഞ്ഞ ആഴ്ച കോളേജ് പ്രസിഡന്റുമാർക്ക് അയച്ച കത്തിൽ, ഇൻസ്റ്റേറ്റ് ട്യൂഷൻ അടച്ചുകൊണ്ടിരിക്കുന്ന രേഖകൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് സെമസ്റ്ററിലേക്കുള്ള ട്യൂഷൻ ക്രമീകരണങ്ങൾ കാണേണ്ടി വരുമെന്ന് പറഞ്ഞു. രേഖകൾ ഇല്ലാത്ത വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് സ്കൂളുകൾക്ക് എങ്ങനെ മുന്നോട്ട് പോകാമെന്നതിനെക്കുറിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശം നൽകാൻ പദ്ധതിയില്ലെന്ന് ഏജൻസിയുടെ വക്താവ് പറഞ്ഞു.

പൊതു സർവകലാശാലകളിലെ കുറഞ്ഞ ട്യൂഷൻ നിരക്കുകൾക്ക് യോഗ്യത നേടാൻ വിദ്യാർത്ഥികളെ അനുവദിച്ച 2001 ലെ സംസ്ഥാന നിയമമായ ടെക്സസ് ഡ്രീം ആക്റ്റിനെതിരെ യുഎസ് നീതിന്യായ വകുപ്പ് സംസ്ഥാനത്തിനെതിരെ കേസ് ഫയൽ ചെയ്തതിന് തൊട്ടുപിന്നാലെ, കുറച്ചുകാലമായി ടെക്സസിൽ താമസിക്കുന്ന രേഖാരഹിത വിദ്യാർത്ഥികൾക്ക് ഇൻസ്റ്റേറ്റ് ട്യൂഷനുള്ള യോഗ്യത നഷ്ടപ്പെട്ടു. ഫെഡറൽ ബോർഡിന്റെ പക്ഷം ചേർന്ന് നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് കണ്ടെത്തണമെന്ന് സംസ്ഥാനം പെട്ടെന്ന് കോടതിയോട് ആവശ്യപ്പെട്ടു.

ഏതെങ്കിലും ടെക്സസ് സർവകലാശാലയ്ക്ക് അതിന്റെ വിദ്യാർത്ഥികളിൽ ആരാണ് രേഖാരഹിതരെന്ന് ഇതിനകം അറിയാമോ എന്ന് വ്യക്തമല്ല. കോളേജിൽ അപേക്ഷിക്കാൻ വിദ്യാർത്ഥികൾ പൗരത്വത്തിന്റെ തെളിവ് നൽകുകയോ അവരുടെ സാമൂഹിക സുരക്ഷാ നമ്പർ വെളിപ്പെടുത്തുകയോ ചെയ്യേണ്ടതില്ല. വിസയിൽ ഇവിടെ വരാത്ത വിദ്യാർത്ഥികളുടെ പൗരത്വ നില കോളേജുകൾ വളരെ അപൂർവമായി മാത്രമേ നിരീക്ഷിക്കാറുള്ളൂവെന്ന് അമേരിക്കൻ അസോസിയേഷൻ ഓഫ് കൊളീജിയറ്റ് രജിസ്ട്രാർ ആൻഡ് അഡ്മിഷൻ ഓഫീസർമാരുടെ എക്സിക്യൂട്ടീവ് ഡയറക്ടർ മെലാനി ഗോട്ലീബ് പറഞ്ഞു.

ടെക്സസ് ഡ്രീം ആക്ട് പ്രകാരം യുഎസ് പൗരന്മാരല്ലാത്തതോ ഇൻസ്റ്റേറ്റ് ട്യൂഷന് അപേക്ഷിക്കുന്ന സ്ഥിര താമസക്കാരോ അല്ലാത്ത വിദ്യാർത്ഥികൾ യോഗ്യത നേടിയാലുടൻ നിയമപരമായ സ്ഥിര താമസം തേടുമെന്ന് സത്യവാങ്മൂലത്തിൽ ഒപ്പിടേണ്ടതുണ്ട്. ഫെഡറൽ സാമ്പത്തിക സഹായത്തിന് യോഗ്യതയില്ലാത്തതിനാൽ, രേഖകളില്ലാത്ത വിദ്യാർത്ഥികൾ പലപ്പോഴും സംസ്ഥാന സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിട്ടുണ്ട്.

## ഫൊക്കാന ന്യൂയോർക്ക് മെട്രോ ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 വിജയകിരീടം നേടി ന്യൂയോർക്ക് ഫീനിക്സ് ക്രിക്കറ്റ് ക്ലബ്



**- ലാജി തോമസ്**

ന്യൂയോർക്ക്: ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയണിന്റെ നേതൃത്വത്തിൽ കന്നിഹാം പാർക്കിൽ, ചാരിറ്റി ക്രിക്കറ്റ് ബാഷ് 2025 നടന്നു. ന്യൂയോർക്ക് ഫീനിക്സ് ജേതാക്കളായി. ഫിലാഡൽഫിയ മച്ചാൻസ് റണ്ണേർസ് അപ്പായി തെരഞ്ഞെടുക്കപ്പെട്ടു. വാശിയേറിയ ഫൈനൽ കാണുവാനും, ഗ്രാൻഡ് ഫിനാലയിലും പങ്കെടുക്കുവാനുമായി വിവിധ സ്ഥലങ്ങളിൽ നിന്നും അഞ്ഞൂറിൻപരം പേർ പങ്കെടുത്തു.

ഗോപി ക്രിഷ്ണൻ (ഫീനിക്സ് ന്യൂയോർക്ക്) മാൻ ഓഫ് ദ മാച്ചും, ബെസ്റ്റ് ബാസ്റ്റ്മാൻ ആയി തിരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ബൗളർ ആയി സനോഷ് സാമുവൽ സണ്ണിയും (ഫില്ലി മച്ചാൻസ്) തിരഞ്ഞെടുക്കപ്പെട്ടു.

ടൂർണമെന്റ് ടീം രജിസ്ട്രേഷൻ ലഭിച്ച തുക കേരളത്തിലെ, കോട്ടയത്തുള്ള ഹീരാം ചാരിറ്റബിൾ ട്രസ്റ്റ് കൂടാതെ അമേരിക്കയിൽ ഉള്ള റൊണാൾഡ് മെക്ഡോണാൾഡ് ഹൗസ് ഓഫ് ലോംഗ് അയലൻഡ് ചാരിറ്റി പ്രവർത്തനങ്ങൾക്ക് കൈമാറി.

വിജയി ആയ ഫീനിക്സ് ന്യൂ യോർക്കിന് ട്രോഫിയും, കുട്ടനാടൻ റെസ്റ്റോറന്റ് സ്പോൺസർ ചെയ്ത ആയിരം ഡോളറും കാഷ് അവാർഡും കൈമാറി. റണ്ണേർസ് അപ്പ് കരസ്ഥമാക്കിയ ഫില്ലി മച്ചാൻസിന് ട്രോഫിയും, രാജ് ഓട്ടോ സെൻടർ സ്പോൺസർ ചെയ്ത അഞ്ഞൂറ് ഡോളർ കാഷ് അവാർഡും നല്കുകയുണ്ടായി.

റീജിയണൽ വൈസ് പ്രസിഡന്റ് ലാജി തോമസ് നന്ദി അറിയിച്ചു.

## ഫൊക്കാനയുടെ സഹകരണത്തോടെ സ്വിം കേരള സ്വിം മൂന്നാംഘട്ട സൗജന്യ നീന്തൽ പരിശീലന പദ്ധതിക്ക് തുടക്കം



**- ശ്രീകുമാർ ഉണ്ണിത്താൻ**

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയും മൈൽസ്റ്റോൺ സ്വിമ്മിങ് പ്രമോട്ടിങ് ചാരിറ്റബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ സ്വിം കേരള സ്വിം മൂന്നാംഘട്ട സൗജന്യ നീന്തൽ പരിശീലന പദ്ധതിക്ക് തുടക്കം കുറിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

വൈക്കം നഗരസഭയുടെ പതിമൂന്നാം വാർഡിൽ തോട്ടുവക്കത്ത് പുരക്കുളത്തിൽ നടന്ന പരിപാടി വൈക്കം നഗരസഭാധ്യക്ഷ പ്രീത രാജേഷ് ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി.ടി.സുഭാഷ് അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ സിന്ധു സജീവൻ, രാധിക ശ്യാം, രാജശ്രീ വേണുഗോപാൽ, ഫൊക്കാന കോഡിനേറ്റർ സുനിൽ പാറയ്ക്കൽ, അന്താരാഷ്ട്ര നീന്തൽതാരം എസ്.പി. മുരളീധരൻ, സൊസൈറ്റി ഭാരവാഹികളായ മാമ്പുഴക്കരി വി.എസ്. ദിലീപ്കുമാർ, ഡോ.ആർ.പൊന്നപ്പൻ എന്നിവർ പ്രസംഗിച്ചു. അന്താരാഷ്ട്ര നീന്തൽതാരം എസ്.പി. മുരളീധരൻ ആണ് സ്വിം കേരള സ്വിം എന്ന പരിപാടിക്ക് നേതൃത്വം നൽകുന്നത്.

നഗരസഭയുടെ 26 വാർഡുകളിൽനിന്നും കൗൺസിലർമാർ മുഖേന രജിസ്റ്റർചെയ്ത 10 വയസ്സിന് മുകളിലുള്ള 100 കുട്ടികളാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. നീന്തലിൽ താത്പര്യമുള്ളവരെയും പങ്കെടുപ്പിക്കുമെന്ന് സംഘാടകർ പറഞ്ഞു. കുട്ടികളുടെ സ്വയരക്ഷ, പരരക്ഷ, വ്യായാമം, ഉല്ലാസം എന്നിവയ്ക്ക് പുറമേ പ്രകൃതിദുരന്തങ്ങളെ നേരിടാൻ തരത്തിലുള്ള വിദ്യകളും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാ പരിശീലകരുൾപ്പെടെയുള്ളവരുടെ സേവനവും ലഭ്യമാണ്.

ശരീരത്തിനു മുഴുവൻ ലഭിക്കുന്ന ഒരു വ്യായാമമാണ് നീന്തൽ. നീന്തൽ പരിശീലനത്തിന്റെ ഭാഗമായി ശ്വാസോച്ഛ്വാസം എങ്ങിനെ വേണമെന്നതും, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനും വെള്ളം കുടുതലായി കുടിക്കുന്നത് ഒഴിവാക്കുന്നതുമെല്ലാം ഈ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വിം കേരള സ്വിം എന്ന പരിപാടി പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന പത്രസമ്മേളനത്തിൽ ഫൊക്കാനയെ പ്രതിനിധീകരിച്ചു ട്രസ്റ്റീ ബോർഡ് മെംബർ ലീല മാരേട്ട് പങ്കെടുത്തു.

നീന്തൽ വശമില്ലാത്തവരും പരിചയക്കുറവുള്ളവരുമെല്ലാം പുഴയിൽ ഇറങ്ങുമ്പോൾ അപകടങ്ങൾ ഉണ്ടാകുന്നത് സർവ്വ സാധാരണമാണ്. കേരളത്തിൽ അതിന് ആശ്വാസമായി കുട്ടികളെ നീന്തൽ പഠിപ്പിക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

1 July - **National U.S. Postage Stamp Day**

National U.S. Postage Stamp Day is celebrated on 1st July every year to commemorate the existence of Postage Stamps that is used for sending letters and to appreciate the extraordinary works of all the Philatelists.

# ഫിലാഡൽഫിയ ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷനു പുതിയ ഭരണസമിതി

– ജോസ് മാളേയ്ക്കൽ



ഫിലഡൽഫിയ: സാമൂഹിക, സാംസ്കാരിക, കാരുണ്യ, പ്രവർത്തനങ്ങളിലൂടെ അമേരിക്കൻ മലയാളികൾക്കു, പ്രത്യേകിച്ച് മലയാളി കത്തോലിക്കർക്കു മാതൃകയായി സേവനത്തിന്റെ 47 വർഷം പൂർത്തിയാക്കുന്ന വിശാല ഫിലാഡൽഫിയ റീജിയണിലെ കേരള കത്തോലിക്കരുടെ സ്നേഹകൂട്ടായ്മയായ ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായ്ക്കു (ഐ. എ. സി. എ.) 2025-2026 ലേക്ക് പുതിയ ഭരണസമിതി നിലവിൽ വന്നു.

അസോസിയേഷന്റെ വാർഷികപൊതുയോഗം പുതിയ ഭാരവാഹികളായി തോമസ് സൈമൺ (പ്രസിഡന്റ്), ജോഷ ജേക്കബ് (വൈസ് പ്രസിഡന്റ്), ചാർലി ചിറയത്ത് (ജനറൽ സെക്രട്ടറി), മെർലിൻ മേരി അഗസ്റ്റിൻ (ജോയിന്റ് സെക്രട്ടറി), സ്വപ്ന സജി സെബാസ്റ്റ്യൻ (ട്രഷറർ), ഫിലിപ്പ് (ബിജു) ജോൺ (ജോയിന്റ് ട്രഷറർ), അനീഷ് ജയിംസ് (മുൻ പ്രസിഡന്റ് എക്സ് ഒഫീഷ്യോ) എന്നിവരെതെരഞ്ഞെടുത്തു.

ഫിലാഡൽഫിയ സീറോ മലബാർ ഫൊറോന പള്ളി വികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സെ. ജോൺ ന്യൂമാൻ ക്നാനായ കാത്തലിക് മിഷൻ ഡയറക്ടർ റവ. ഫാ. ലിജോ കൊച്ചുപറമ്പിൽ, സെന്റ് ജൂഡ് സീറോ മലങ്കരപള്ളി വികാരി റവ. ഫാ. ബാബു മഠത്തിൽപറമ്പിൽ, ഇൻഡ്യൻ ലാറ്റിൻകാത്തലിക് മിഷൻ ഡയറക്ടർ റവ.ഫാ. ലെനിൻ ഫെർണാണ്ടസ്, തോമസ് നെടുമാക്കൽ, അലക്സ് ജോൺ, ഓസ്റ്റിൻ ജോൺ, ജോസഫ് തോമസ് എന്നിവർഡയറക്ടർമാരായി ഐ.എ.സി. എ.ഡയറക്ടർ ബോർഡും പുനഃസംഘടിപ്പിച്ചു.

എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ജോസ് മാളേയ്ക്കൽ, സണ്ണി പടയാറ്റിൽ, ജോസഫ് മാണി, ഫിലിപ് എടത്തിൽ, ജസ്റ്റിൻ തോമസ്, റോമിയോ ഡാൽഫി, ബിജു സക്കറിയ, കുരുവിള ജെയിംസ് (ജെറി), സേവ്യർ മൂഴിക്കാട്ട് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധപ്രവർത്തനങ്ങളുടെ സമാപനമായാണു പൈതൃക ദിനാഘോഷം സംഘടിപ്പിക്കുന്നത്. കാരുണ്യപ്രവർത്തിയിലൂന്നിയ വസ്ത്രശേഖരണവും, ആവശ്യക്കാർക്കുള്ള വിതരണവും, വർഷിക പിക്നിക്, ക്രിസ്മസ്, പുതുവർഷ ആഘോഷങ്ങൾ, സാമൂഹ്യപ്രസക്തിയുള്ള വിവിധ സെമിനാറുകൾ, ബൈബിൾ ക്വിസ്, രോഗീസന്ദർശനം എന്നിവ പ്രവർത്തനപരിപാടികളിൽ ചിലതു മാത്രം.

1970 കളുടെ ആദ്യപകുതി മുതൽ അമേരിക്കയിൽ കുടിയേറി ഫിലാഡൽഫിയാ റീജിയണിൽ താമസമുറപ്പിച്ച കേരളീയ പാരമ്പര്യത്തിലുള്ള കത്തോലിക്കാ വിശ്വാസികൾ 1978 ൽ ഒത്തുകൂടി ചെറിയ ഒരു അത്മായ സംഘടനയായി തുടക്കമിട്ട ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ (ഐ. എ. സി. എ.) വളർച്ചയുടെ പടവുകൾ കടന്ന് രണ്ടായിരത്തിലധികം വരുന്ന വിശ്വാസികളുടെ ഒരു സ്നേഹകൂട്ടായ്മയായി ഇന്ന് തലയുയർത്തി നിൽക്കുന്നു.

ഉപരിപഠനത്തിനും, ഉദ്യോഗത്തിനുമായി അമേരിക്കയിലെത്തിയ ആദ്യതലമുറയിൽപെട്ട സീറോമലബാർ, സീറോമലങ്കര, ക്നാനായ, ലത്തീൻ കുടുംബങ്ങൾ സമൂഹവളർച്ചക്കു നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. പ്രവാസജീവിതത്തിൽ മാതൃഭാഷയിൽ ബലിയർപ്പിക്കാൻ വൈദികരോ സ്വന്തം ദേവാലയങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പ്രതികൂലസാഹചര്യങ്ങളിലൂടെ കഠിനാധ്വാനംചെയ്ത് അഞ്ചുദശാബ്ദക്കാലം സ്വന്തംകുടുംബത്തെയും ബന്ധുക്കളെയും അമേരിക്കയിലെത്തിച്ച് അവർക്കു നല്ലൊരു ഭാവിയുണ്ടാക്കിക്കൊടുക്കുന്നതിൽ ഇവർ വിജയം കണ്ടെത്തി. രണ്ടാം തലമുറയിൽനിന്നും വൈദികരെയും, കന്യാസ്ത്രികളെയും, ഔദ്യോഗികതലത്തിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്ന ധാരാളം പ്രൊഫഷണലുകളെയും സമൂഹത്തിനു പ്രദാനം ചെയ്ത് അമേരിക്കൻ സമ്പത് വ്യവസ്ഥക്ക് മുതൽക്കൂട്ടായിട്ടുണ്ട്.

പുതിയതലമുറയെ ചേർത്തുനിർത്തി തങ്ങളുടെ മഹത്തായ പൈതൃകവും, ഓരോ സമൂഹത്തിന്റെയും തനതായ പാരമ്പര്യങ്ങളും പുതുതലമുറക്കു കൈമാറുന്നതിനും, സ്നേഹകൂട്ടായ്മയിലൂടെ നാനാത്വത്തിൽ ഏകത്വം ദർശിക്കുന്നതിനും ഇൻഡ്യൻ അമേരിക്കൻ കാത്തലിക് അസോസിയേഷൻ എന്ന അംബ്രല്ലാ ഓർഗനൈസേഷൻ ലക്ഷ്യമിടുന്നു.

1st July - **National Gingersnap Day**

National Gingersnap Day is celebrated on 1st July every year to enjoy this sweet and savoury treat. Do you know Gingersnaps are cookies mainly made from molasses, cloves, ginger, cinnamon, and brown sugar? Basically, it is a combination of sweet and spicy. They are healthier alternatives to other cookies as they are lower in calories.

# അന്താരാഷ്ട്ര യോഗ ദിനത്തിൽ ഇന്ത്യൻ എംബസി യോഗ സെഷൻ സംഘടിപ്പിച്ചു



– പി പി ചെറിയാൻ

വാഷിംഗ്ടൺ, ഡിസി: പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനത്തിന്റെ വർണ്ണാഭമായ മുന്നോടിയായി, ജൂൺ 19ന് ചരിത്രപ്രസിദ്ധമായ ലിങ്കൺ മെമ്മോറിയലിൽ ഇന്ത്യൻ എംബസി സംഘടിപ്പിച്ച ഒരു യോഗ സെഷൻ ശ്രദ്ധേയമായി. ഇന്ത്യയുടെ പുരാതന പാരമ്പര്യം ആഘോഷിക്കാൻ ഒത്തുകൂടിയ ഇന്ത്യൻ പ്രവാസികളും തദ്ദേശീയ അമേരിക്കൻ നിവാസികളും ഉൾപ്പെടെ വലിയൊരു ജനക്കൂട്ടമാണ് പരിപാടിയിൽ പങ്കെടുത്തത്.

ഇന്ത്യയുടെ അംബാസഡർ വിനയ് മോഹൻ ക്വാ ത്ര പങ്കെടുത്തവരെ അഭിസംബോധന ചെയ്തു കൊണ്ട്, പ്രഭാതത്തെ ഒരു അത്ഭുതകരമായ അനുഭവംഎന്നും യോഗയുടെ രൂപത്തിൽ ഇന്ത്യയുടെ പുരാതന നാഗരിക പൈതൃകത്തിന്റെ രസകരമായ ആഘോഷം എന്നും വിശേഷിപ്പിച്ചു.യുഎസിലെ മറ്റ് പൗരന്മാർക്കൊപ്പം ധാരാളം ഇന്ത്യൻ കുടുംബങ്ങളും പ്രവാസികളും ഞങ്ങളോടൊപ്പം ഉണ്ട്. ഇന്ത്യയിൽ നിന്നുള്ള ഈ സമ്മാനം ആഘോഷിക്കാൻ ഇന്ന് രാവിലെ ഇവിടെ എത്തിയ എല്ലാവർക്കും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു- അദ്ദേഹം കൂട്ടിച്ചേർത്തു.

യോഗ, ധ്യാന പരിശീലകനായ ആചാര്യ ഗോവിന്ദ് ബ്രഹ്മചാരിയാണ് സെഷന് നേതൃത്വം നൽകിയത്. യോഗ ശാരീരിക ചലനം മാത്രമല്ലെന്ന് അദ്ദേഹം പങ്കാളികളെ ഓർമ്മിപ്പിച്ചു. മനസ്സിനെ സ്വതന്ത്രമാക്കാനും പ്രപഞ്ചവുമായുള്ള ഐക്യം അനുഭവിക്കാൻ നമ്മെ സഹായിക്കാനും രൂപകൽപ്പന ചെയ്തിരിക്കുന്ന വളരെ ആഴത്തിലുള്ള ഒരു സംവിധാനത്തിന്റെ ഒരു ഭാഗം മാത്രമാണ് യോഗാസനങ്ങൾ-അദ്ദേഹം പറഞ്ഞു. ലക്ഷ്യം വൈകാരിക സന്തുലിതാവസ്ഥയും ആന്തരിക സ്വാതന്ത്ര്യവുമാണ്.

ആത്മീയ പശ്ചാത്തലത്തിലേക്ക് കൂട്ടിച്ചേർത്തു കൊണ്ട്, ആനന്ദ മാർഗ യോഗ ആൻഡ് മെഡിറ്റേഷൻ സെന്ററിലെ ആചാര്യ മധുവർത്താനന്ദ് അവധുത് യോഗയുടെ വേരുകളെക്കുറിച്ച് സംസാരിച്ചു. ഏകദേശം 7,000 വർഷങ്ങൾക്ക് മുമ്പ് ഭഗവാൻ ശിവനെ ആദ്യ യോഗിയായി ഉദ്ധരിച്ചു. വ്യക്തിഗത ക്ഷേമത്തിനും ആഗോള ഐക്യത്തിനുമുള്ള സമഗ്രമായ സമീപനമായി യോഗയുടെ ത്രിമൂർത്തി പാതയായ ആസനം (ആസനങ്ങൾ), ദർശനം (തത്ത്വചിന്ത), സാധന (പരിശീലനം) എന്നിവയെ അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഒരു ഭൂമിക്ക് വേണ്ടി യോഗ, ഒരു ആരോഗ്യം എന്ന ഇ ൗ വർഷത്തെ പ്രമേയം മനുഷ്യന്റെയും ഗ്രഹത്തിന്റെയും ആരോഗ്യം തമ്മിലുള്ള സുപ്രധാന ബന്ധത്തെ അടിവരയിടുന്നു. സർവേ സന്തു നിരാമയ എല്ലാവരും രോഗങ്ങളിൽ നിന്ന് മുക്തരാകട്ടെഎന്നതിലുള്ള ഇന്ത്യയുടെ പഴക്കമുള്ള വിശ്വാസത്തെ ഇത് പ്രതിഫലിപ്പിക്കുന്നു.

# ചെങ്ങന്നൂർ അസോസിയേഷൻ ഫിലഡൽഫിയയ്ക്ക് തുടക്കം



ഫിലഡൽഫിയ: ഫിലഡൽഫിയയുടെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന ചെങ്ങന്നൂർ നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന 'ചെങ്ങന്നൂർ അസോസിയേഷന്റെ പ്രവർത്തനോൽദ്ഘാടനം ജൂൺ 21 ശനിയാഴ്ച രാവിലെ 11 മണി മുതൽ കാസ്സി റെസ്റ്റോറന്റിൽ വച്ച് നടത്തപ്പെട്ടു.

ഷിബു വർഗീസ് കൊച്ചുമീത്തിന്റ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ഫിലാഡൽഫിയ മലയാളികൾക്ക് സുപരിചിതനും, ഫിലഡൽഫിയയിലെ സീനിയർ വൈദീകനുമായ ഫാദർ ചാക്കോ പുന്നൂസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ എന്ന പട്ടണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, അതിന്റെ ചരിത്രത്തെക്കുറിച്ചും, അമേരിക്കയിൽ ചെങ്ങന്നൂർ നിവാസികളുടെ കൂട്ടായ്മകളുടെ ആവശ്യകതയെയും, പ്രാധാന്യത്തെയും കുറിച്ചും പുന്നൂസ് അച്ചൻ വളരെ വിശദമായി വ്യക്തമാക്കി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള ചെങ്ങന്നൂർ നിവാസികൾ എല്ലാവരും ഒത്തുചേരുന്ന ഒരു വലിയ കൂട്ടായ്മയായി ഭാവിയിൽ ഇത് വളർന്നു പന്തലിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. പ്രോഗ്രാമിന്റെ എംസി ആയി രാജു ശങ്കരത്തിൽ പരിപാടിയുടെ മാറ്റു കൂട്ടി.

ജോർജ് കുര്യൻ, ബെന്നി മാത്യു, സതീഷ് കുരുവിള, കോശി ഡാനിയേൽ, സക്കറിയ തോമസ്, ജോസ് സക്കറിയാ, ജെസ്സി മാത്യു, വർഗീസ് ജോൺ, തോമസ് സാമുവൽ, അനിൽ ബാബു എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു.

ചെങ്ങന്നൂർ അസോസിയേഷൻ വനിതാ വിഭാഗത്തിന്റെ ഉദ്ഘാടനവും നടത്തപ്പെട്ടു. ജെസ്സി മാത്യു, മിനി കോശി, സുനു വർഗീസ്, ആനി സക്കറിയാ എന്നിവരെ വനിതാ കോർഡിനേറ്റർസ് ആയി തിരഞ്ഞെടുത്തു. മാത്യൂസ് ടി വർഗീസ്, ജോയൽ സതീഷ്, ഏഞ്ചലിന മാത്യു എന്നിവരുടെ നേതൃത്വത്തിൽ യൂത്ത് വിംഗ് കോർഡിനേറ്റേഴ്സ് ടീമും രൂപംകൊണ്ടു. അസോസിയേഷൻ സെക്രട്ടറി ഷിബു മാത്യു നന്ദി പറഞ്ഞു.

# വിദ്യാർത്ഥി വിസയിൽ യുഎസിൽ താമസിക്കുന്ന ഇന്ത്യൻ പൗരന് 63 മാസത്തെ തടവ് ശിക്ഷ

**– പി പി ചെറിയാൻ**

ഓസ്റ്റിൻ: പണമിടപാട് കുറ്റത്തിന് വിദ്യാർത്ഥി വിസയിൽ യുഎസിൽ താമസിക്കുന്ന ഒരു ഇന്ത്യൻ പൗരൻ ടെക്സസിൽ ശിക്ഷിക്കപ്പെട്ടതായി ബുധനാഴ്ച യു.എസ്. നീതിന്യായ വകുപ്പ് അറിയിച്ചു.

ഗുജറാത്തിലെ നവസാരിയിൽ നിന്നുള്ള 20 കാരനായ കിഷൻ രാജേഷ്കുമാർ പട്ടേലിന് ഈ കുറ്റത്തിന് 63 മാസത്തെ തടവ് ശിക്ഷ ലഭിച്ചതായി ഡി.ഒ.ജെ. അറിയിച്ചു. ഗ്രാനൈറ്റ് ഷോൾസ് പോലീസ് വകുപ്പ് 2024 ഓഗസ്റ്റ് 24 നാണ് പട്ടേലിനെ അറസ്റ്റ് ചെയ്തത്.

2024 ജൂലൈ മുതൽ 2024 ഓഗസ്റ്റ് വരെ പ്രായമായ ഇരകളിൽ നിന്ന് ലക്ഷക്കണക്കിന് ഡോളർ പണവും സ്വർണ്ണവും കബളിപ്പിക്കാൻ പട്ടേൽ സഹായിച്ചതായി നീതിന്യായ വകുപ്പ് പറഞ്ഞു. വിവിധ ഓൺലൈൻ ഫിഷിംഗ് രീതികൾ ഉപയോഗിച്ചും യുഎസ് സർക്കാർ ഉദ്യോഗസ്ഥരെ അനുകരിക്കുകയും ഗൂഡാലോചന നടത്തുകയും ചെയ്തു. അതേസമയം പട്ടേൽ ഇരകളിൽ നിന്ന് പണവും സ്വർണ്ണവും വഞ്ചനാപരമായി സ്വീകരിച്ചു. ഒരുഭാഗം സഹഗൂഢാലോചനക്കാർക്ക് കൈമാറുകയും ഒരു ശതമാനം സ്വന്തം നേട്ടത്തിനായി സൂക്ഷിക്കുകയും ചെയ്തു –ഡി.ഒ.ജെ. പറഞ്ഞു.

നീതിന്യായ വകുപ്പിന്റെ അന്വേഷണത്തിൽ, ഈ പദ്ധതി കുറഞ്ഞത് 25 ഇരകളെ വഞ്ചിച്ചുവെന്നും, ആകെ 2,694,156 ഡോളർ നഷ്ടം സംഭവിച്ചുവെന്നും കണ്ടെത്തി.

ഇ ൗ പ്രതി നമ്മുടെ രാജ്യത്തെ വിസ പദവി മുതലെടുത്ത് ഒരു അന്താരാഷ്ട്ര തട്ടിപ്പ് പദ്ധതിയിൽ പങ്കെടുത്തു–ടെക്സസിലെ വെസ്റ്റേൺ ഡിസ്ട്രിക്റ്റിന്റെ യുഎസ് അറ്റോർണി ജസ്റ്റിൻ സിമ്മൺസ് പറഞ്ഞു.സർക്കാർ ഉദ്യോഗസ്ഥരെ അനുകരിച്ചും, സർക്കാർ പ്രതികൂല നടപടികളെക്കുറിച്ചുള്ള ഇരകളുടെ ഭയം മുതലെടുത്തും പട്ടേൽ ദുർബലരായ അമേരിക്കൻ പൗരന്മാരിൽ നിന്ന് ദശലക്ഷക്കണക്കിന് ഡോളർ വഞ്ചിച്ചു. അത്തരം നീചമായ പദ്ധതികളുടെ കുറ്റവാളികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിനുമുള്ള ഫെഡറൽ സർക്കാരിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നു.

2nd July - **World UFO Day**

World UFO Day is observed on 2nd July. It was founded by the UFO hunter Haktan Akdogan. The first World UFO Day was celebrated in 2001 and spread awareness among people to gaze at the heavens scanning for unidentified flying objects.

2nd July - **National Anisette Day**

National Anisette Day is observed on 2nd July every year and is popular in Spain, Italy, Portugal, and France. Let us tell you that Anisette is an anise-flavoured liquor that is made by distilling aniseed and sometimes made by adding sugar.

# നിയോഗങ്ങൾ വിസ്മരിക്കുന്നവർ ദൈവത്തിൽ നിന്നകന്നു പോകുന്നു: റവ. റോബിൻ വർഗീസ്

ഡാളസ്: ക്രിസ്തുവിനു വേണ്ടി ജീവിതം സമർപ്പിക്കപ്പെട്ടവരാണ് ഒരോരുത്തരുമെന്നു അവകാശപ്പെടുമ്പോഴും നമ്മിൽ ഭരമേല്പിക്കപ്പെട്ട നിയോഗം എന്താണെന്ന് തിരിച്ചറിയാതെ ആത്മീയ മണ്ഡലത്തിൽ നിന്നും ഒളിച്ചോടുന്നവരാണ് എന്ന യാഥാർഥ്യം വിസ്മരിക്കാവുന്നതല്ല. ഇങ്ങനെ ഒളിച്ചോടുന്നവർ ശിക്ഷാവിധിയിൽ അകപ്പെടുമെന്ന് നോഹയുടെ ജീവിതത്തെ ആസ്പദമാക്കി റവ.റോബിൻ വർഗീസ് ഓർമിപ്പിച്ചു.

മാർത്തോമ നോർത്ത് അമേരിക്ക ഭദ്രാസനം സൗത്ത് വെസ്റ്റ് റീജിയണൽ സന്നദ്ധ സുവിശേഷക സംഘം അറ്റ് ദി ക്രോസ്ക്രൂശിങ്കൽ ജൂൺ 16 തിങ്കളാഴ്ച വൈകുന്നേരം 7:30ന് സൂം വഴി സംഘടിപ്പിച്ച പ്രാർത്ഥന സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു റവ. റോബിൻ വർഗീസ്.

ദൈവീക കല്പന ലംഘിച്ചു യാത്ര തിരിച്ച യോനയുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന ദുരന്തവും എന്നാൽ താൻ ചെയ്തു പോയ തെറ്റുകൾ മനസ്സിലാക്കി ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് വീണ്ടും ജീവിതത്തിലേക്ക് മടങ്ങി വരുവാൻ ദൈവം യോനായ്ക്ക് അവസരം നൽകിയെന്നും അച്ചൻ വിശദീകരിച്ചു. വ്യത്യസ്ത ജീവിതാവസ്ഥകളിൽ താൻ എവിടെയായിരുന്നു എന്നുള്ള തിരിച്ചറിവ് വിശ്വാസിക്കു ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും അച്ചൻ ചൂണ്ടിക്കാട്ടി.

റവ. എബ്രഹാം വി സാംസൺ അധ്യക്ഷത (വികാരി, ഫാർമേഴ്സ് എംടിസി) വഹിച്ചു. ഫാ. ഉമ്മൻ പ്രാരംഭ പ്രാർത്ഥന നടത്തി. മാൻസി വർഗീസ് (ഡാളസ് സെഹിയോൻ എംടിസി, പ്ലാനോ) ഗാനം ആലപിച്ചു. ഷേർലി സിലാസ് സ്വാഗതം പറഞ്ഞു. മാത്യു ലൂക്കോസ് (ഡാളസ് സെഹിയോൻ എംടിസി, പ്ലാനോ) ആലിയമ്മ ഇടിക്കുള (ഡാളസ് സെഹിയോൻ എംടിസി, പ്ലാനോ) എന്നിവർ മധ്യസ്ഥ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

പാരിഷ് മിഷൻ സെക്രട്ടറിമാർ, റോബി ചേലങ്കരി, സാം അലക്സ്, ഷിർലി സിലാസ് എന്നിവർ നേതൃത്വം നൽകി. സാം അലക്സ് നന്ദി പറഞ്ഞു.

# നഴ്സ് പ്രാക്ടീഷണേഴ്സ് കോൺഫറൻസ് നടന്നു



ന്യൂയോർക്ക്: നാഷണൽ ഇന്ത്യൻ നഴ്സസ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (നിൻപാ), ജൂൺ 7ന് സ്ഫെണിലെ ഗുഡ് സമരിറ്റൻ ഹോസ്പിറ്റൽ കോൺഫറൻസ് റൂമിൽ നടത്തിയ ദേശീയ നഴ്സിംഗ് കോൺഫറൻസ് വിജയകരമായി.

അമേരിക്കയുടെ പതിനാറു സ്റ്റേറ്റുകളിൽ നിന്നുള്ള നിൻപായുടെ അംഗങ്ങളായ നഴ്സസ് പ്രാക്ടീഷണേഴ്സ്, നേഴ്സ് ലീഡേഴ്സ്, നേഴ്സ് എഡ്യൂക്കേറ്റർസ്, നഴ്സസ് തുടങ്ങിയവർ പങ്കെടുത്തു. രാവിലെ ഏഴു മണിക്കു രജിസ്ട്രേഷൻ ആരംഭിച്ചു.

അസോസിയേഷൻ ചെയർമാൻ ഡോക്ടർ ആനി പോൾ ഏവരെയും സ്വാഗതം ചെയ്തു. വൈസ് പ്രസിഡന്റ് പ്രസന്ന ബാബു അസോസിയേഷന്റെ പ്രവർത്തനങ്ങൾ വിവരിച്ചു. അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് മെമ്പറായ നിൻപക്ക് കോൺഫറൻസ് വഴി സാമ്പത്തിക താല്പര്യങ്ങളോ ബന്ധങ്ങളോ ഇല്ല എന്ന് എഡ്യൂക്കേഷൻ ചെയർ ഡോക്ടർ ഗീത അജയ് വ്യക്തമാക്കി.

മേരി യെസോ, ഹെൽത്ത് ആന്റ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, ഗുഡ് സമരിറ്റൻ ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തു. ലീന ആലപ്പാട്ട് മോഡറേറ്ററായി.

ഡോ.വർഷ സിംഗ്, കീനോട്ട് സ്പീച്ച് വളരെ പ്രചോദനാത്മകമായിരുന്നു. ഡോ. ജോഡെൽ വെർഗാര ഗോൾഡ്, ഡോ. ഷൈനി പോൾ ജോർജ്, ഡോ.ബെർത്തിൽഡ് ഡുഫ്രീൻ, സോണി പോൾ, ഡോ.പട്രീഷ്യ പോ തുടങ്ങിയ മികച്ച പ്രഭാഷകർ ഒപ്റ്റിമൽ കെയറിനായി നൂതന സാങ്കേതിക പരിഹാരങ്ങൾ കൈവരിക്കാനുള്ള മാർഗങ്ങൾ വിവരിച്ചു.

ഓരോ പ്രസന്റേഴ്സിനും ലൂമിനറി അവാർഡ് നൽകി ആദരിച്ചു.

ബ്ലെസി വർഗീസ് ഈ. കെ. ജി വാക്ക് ഷോപ്പ് നടത്തിയത് എല്ലാവർക്കും വളരെ പ്രയോജനപ്പെട്ടു. കോൺഫറൻസ് തീം ആയി ബന്ധപ്പെട്ട പോസ്റ്റർ പ്രസന്റേഷൻസും കോൺഫറൻസിന് മാറ്റുകൂട്ടി. സിജി മാത്യുവിന്റെയും കൊച്ചുറാണി ജോസഫിന്റെയും നേതൃത്വത്തിൽ പോസ്റ്റർ പ്രസന്റേഷൻ വിജയികൾക്ക് അവാർഡ് വിതരണം നടത്തി. ഡോ. ഗീത അജയ്, ട്രഷറർ ഡോ. റെബേക്ക പോത്തൻ എന്നിവർ സർട്ടിഫിക്കറ്റുകൾ നൽകി.

ഒരു വലിയ ടീം ഈ കോൺഫറൻസിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചു.

# സെഹിയോൻ മാർത്തോമ ചർച്ച് സീനിയേഴ്സ് ഓർഗനൈസേഷൻ പിക്നിക് സംഘടിപ്പിച്ചു



**– പി പി ചെറിയാൻ**

ഡാളസ്: സെഹിയോൻ മാർത്തോമ ചർച്ച്, പ്ലാനോ സ്റ്റാർ (സീനിയേഴ്സ് ഓർഗനൈസേഷൻ) സംഘടിപ്പിച്ച പിക്നിക് അവിസ്മരണീയമായി.

ജൂൺ 21 ശനിയാഴ്ച ഗാർലൻഡിലെ വാലി ക്രീക്ക് എച്.ഒ.എ. ക്ലബ് ഹൗസിൽ നടന്ന പിക്നിക്ക് റവ. റോബിൻ വർഗീസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. ധാരാളം വിനോദ പരിപാടികൾ നിറഞ്ഞ പിക്നിക്കിൽ മുതിർന്നവർ വളരെ ആവേശത്തോടെയാണ് പങ്കെടുത്തത്. തുടർന്ന് ഒരു രുചികരമായ പാചകവും. രസകരവും ബന്ധങ്ങൾ വളർത്തിയെടുക്കുന്നതുമായ ഒരു ദിവസമായിരുന്നുവെന്നു പങ്കെടുത്തവർ അഭിപ്രായപ്പെട്ടു

സെഹിയോൺ സീനിയേഴ്സ് ഓർഗനൈസേഷൻ സ്റ്റാർ അംഗങ്ങൾ കുടുംബത്തോടൊപ്പം നടത്തിയ പിക്നിക്കിന് അലിയമ്മ ഇടിക്കുല്ല (കടങ്കഥകൾ). മറിയാമ്മ ജോൺ (ബൈബിൾ ക്വിസ്) വൈസ് പ്രസിഡന്റ് ജേക്കബ് ജോർജ്, അസംബ്ലി അംഗം ജോൺ പി മാത്യു, സ്റ്റാർ സെക്രട്ടറി എബ്രഹാം മാമ്മൻ, ജെ പി ജോൺ, ഫിലിപ്പ് ഉമ്മൻ, മാത്യു തെക്കിൽ, മാത്യു പി എബ്രഹാം, കെ.ഇ. ഇടിക്കുല്ല, പി.ഇ. മാത്യു, ചെറിയാൻ വർക്കി, ഡോ. രാജേന്ദ്ര ഡാനിയേൽ എന്നിവർ നേതൃത്വം നൽകി.

3rd July - **National Fried Clam Day**

National Fried Clam Day is celebrated every year on the 3rd of July. Fried clam is the process of deep-frying the clams after being coated in the bread crumbs and stripping them further. This is a traditional way to prepare fried crumbs.

4 July - **USA Independence Day**

Independence Day USA is celebrated on 4 July. The United States Independence Day is also known as the Fourth of July or the Fourth. This day commemorates the adoption of the Declaration of Independence on 4 July 1776 from the Kingdom of Great Britain.

5 July - **List of Historical Events**

Someone has rightly said that history is not made in a day! But, one day can bring many changes in history. Various events, birthdays, etc. fall on the 5th of July.

## കടുത്ത പ്രമേഹരോഗികൾക്കും ഇൻസുലിനോട് ഗുഡ്ബൈ പറയാം

ഇൻസുലിൻ ഇല്ലാത്ത ജീവിതം കടുത്ത പ്രമേഹ രോഗികൾക്കും ഇനി സ്വപ്നം കണ്ടുതുടങ്ങാം. ഏറ്റവും കഠിനമായ ടൈപ്പ് 1 പ്രമേഹരോഗികളിൽ സ്റ്റെം സെൽ അധിഷ്ഠിത ചികിത്സ ഫലപ്രദമാകുമെന്നുള്ള പഠനമാണ് ഡയബറ്റിസ് രോഗികളിൽ പ്രതീക്ഷ നിറയ്ക്കുന്നത്. ഒരൊറ്റ ഇൻഫ്യൂഷൻ കൊണ്ട് 12 പേരിൽ 10 പേരെ സുഖപ്പെടുത്തുന്ന ഈ ചികിത്സാരീതിയുടെ പ്രത്യേകത ഒരു വർഷത്തിനുശേഷം സുഖപ്പെട്ടവർക്ക് ഇൻസുലിൻ ആവശ്യമില്ല എന്നുള്ളിടത്താണ്. പഠനത്തിൽ പൂർണമായി സുഖപ്പെടാത്ത രണ്ട് രോഗികൾക്ക് വളരെ കുറഞ്ഞ ഡോസുകളുടെ ഇൻസുലിൻ മാത്രമേ ആവശ്യമുള്ളു എന്നതും ഫലപ്രാപ്തി വ്യക്തമാകുന്നു.

ബോസ്റ്റണിലെ വെർട്ടെക്സ് ഫാർമസ്യൂട്ടിക്കൽസ് നിർമ്മിച്ച സിമിസ്ലെസെൽ എന്ന പരീക്ഷണാത്മക ചികിത്സയിൽ സ്റ്റെം സെല്ലുകളെ രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിയന്ത്രിക്കുന്ന പാൻക്രിയാറ്റിക് ഐലറ്റ് കോശങ്ങളാക്കി മാറ്റുകയാണ് ചെയ്യുന്നത്. പുതിയ ഐലറ്റ് കോശങ്ങൾ ഇൻഫ്യൂഷൻ ചെയ്ത് കരളിൽ എത്തുന്നു. അമേരിക്കൻ ഡയബറ്റിസ് അസോസിയേഷന്റെ വാർഷിക യോഗത്തിൽ ഈ പഠനം അവതരിപ്പിക്കുകയും ദി ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിൻ ഓൺലൈനിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഏകദേശം രണ്ട് മില്യൺ അമേരിക്കക്കാരാണ് ടൈപ്പ് 1 പ്രമേഹം മൂലം വലയുന്നത്. രോഗപ്രതിരോധ സംവിധാനം ഐലറ്റ് കോശങ്ങളെ നശിപ്പിക്കുമ്പോഴാണ് ടൈപ്പ് 1 പ്രമേഹം ഉണ്ടാകുന്നത്. ഐലറ്റ് കോശങ്ങളുടെ ഒരു ഉപവിഭാഗമായ ബീറ്റാ കോശങ്ങളാണ് ഇൻസുലിൻ പുറപ്പെടുവിക്കുന്നത്. ഇൻസുലിൻ ഇല്ലാതെ ഗ്ലൂക്കോസിന് കോശങ്ങളിലേക്ക് പ്രവേശിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ടൈപ്പ് 1 രോഗികൾക്ക് അവരുടെ ശരീരത്തിൽ ഇല്ലാത്ത ഇൻസുലിന് പകരമായി കാലിബ്രേറ്റ് ചെയ്ത ഡോസുകൾ കുത്തിവയ്ക്കേണ്ടി വരുന്നത്.

ടൈപ്പ് 1 പ്രമേഹം, ടൈപ്പ് 2 പ്രമേഹത്തിൽ നിന്ന് വ്യത്യസ്തമാണ്. ടൈപ്പ് 1 പ്രമേഹരോഗികളിൽ ഇൻസുലിൻ അളവ് നിയന്ത്രിക്കുന്നത് പലപ്പോഴും ചെലവേറിയ കാര്യമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് ഉയരുന്നത് ഹൃദയം, വൃക്കകൾ, കണ്ണുകൾ, ഞരമ്പുകൾ എന്നിവയെ തകരാറിലാക്കും. അളവ് വളരെ താഴ്ന്നാൽ, ആളുകൾക്ക് വിറയൽ, ബോധം നഷ്ടപ്പെടൽ, അപസ്മാരം എന്നിവ അനുഭവപ്പെടാം. പഠനത്തിലെ രോഗികളിൽ 30 ശതമാനം പേർക്കും ടൈപ്പ് 1 പ്രമേഹത്തിന്റെ സങ്കീർണതകളുണ്ടായിരുന്നു. ഈ അവസ്ഥയുള്ളവർക്ക് ഗ്ലൂക്കോസിന്റെ അളവ് പെട്ടെന്ന് കുറയുമ്പോൾ ഒരു മുന്നറിയിപ്പും ഉണ്ടാകില്ല. ഗ്ലൂക്കോസിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്ന വിറയലോ വിയർക്കുന്നതോ പോലുള്ള സാധാരണ ലക്ഷണങ്ങൾ അവർക്കില്ല. ഐലറ്റ് കോശങ്ങൾ കുത്തിവച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പഠനവിധേയരായ രോഗികൾക്ക് ഇൻസുലിന്റെ ആവശ്യം കുറഞ്ഞുതുടങ്ങി, മിക്കവർക്കും ഏകദേശം ആറ് മാസത്തിനുള്ളിൽ ഇൻസുലിൻ പൂർണ്ണമായും വേണ്ടാതായി. ചികിത്സയുടെ ആദ്യ 90 ദിവസത്തിനുള്ളിൽ രോഗികളിൽ ഹൈപ്പോഗ്ലൈസീമിയ എന്ന അവസ്ഥ ഇല്ലാതായി. ഇതു പോലെ പൊസിറ്റീവ് ഫലങ്ങൾ കാണിക്കുന്നത് തുടർന്നാൽ, അടുത്ത വർഷം ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന് അപേക്ഷ സമർപ്പിക്കാനാകുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്.

## സുഡാനിൽ കത്തോലിക്ക വൈദികൻ കൊല്ലപ്പെട്ടു

നോർത്ത് ഡാർഫർ: ആഫ്രിക്കൻ രാജ്യമായ സുഡാനിലെ നോർത്ത് ഡാർഫർ സംസ്ഥാന തലസ്ഥാനമായ എൽ ഫാഷറിൽ കത്തോലിക്ക വൈദികൻ കൊല്ലപ്പെട്ടു. 2023 ഏപ്രിൽ മുതൽ ഉപരോധത്തിലിരിക്കുന്ന നഗരത്തിൽ അർദ്ധ സൈനിക സേന നടത്തിയ ആക്രമണത്തിൽ, ഇടവക വികാരിയായി സേവനം ചെയ്യുകയായിരുന്ന ഫാ. ലൂക്ക ജോമോയാണ് കൊല്ലപ്പെട്ടത്. സംഘർഷത്തിനിടെ കൊല്ലപ്പെട്ട ആദ്യത്തെ കത്തോലിക്കാ വൈദികനാണ് ഫാ. ലൂക്ക. എൽ ഒബൈദ് രൂപത വൈദികന്റെ മരണ വാർത്ത സ്ഥിരീകരിച്ചു.

ജൂൺ 13 പുലർച്ചെ 3 മണിക്ക് എൽ ഫാഷറിൽ വൈദികനും മറ്റ് രണ്ട് യുവാക്കളും വെടിയേറ്റാണ് കൊല്ലപ്പെട്ടത്. ഇവരുടെ ആത്മശാന്തിയ്ക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ സഭാനേതൃത്വം ആഹ്വാനം നൽകി. ഏകദേശം രണ്ട് വർഷമായി നഗരം അർദ്ധസൈനിക വിഭാഗമായ റാപ്പിഡ് സപ്പോർട്ട് ഫോഴ്സിന്റെ ഉപരോധത്തിൽ തുടരുകയായിരുന്നുവെന്ന് പ്രാദേശിക വൃത്തങ്ങൾ വിശദീകരിച്ചു. സമീപ മാസങ്ങളിൽ, ബോംബാക്രമണങ്ങളും മിലിറ്ററി ആക്രമണങ്ങളും രൂക്ഷമായിരുന്നു. ഇത്തരത്തിൽ നടന്ന ആക്രമണങ്ങൾക്കിടെയാണ് യുവവൈദികൻ ദാരുണമായി കൊല്ലപ്പെട്ടത്. കഴിഞ്ഞ ജനുവരി മുതൽ, ഫാ. ജോമോയെ നഗരം വിട്ടുപോകാൻ കൂട്ടത്തിലുള്ള ആളുകൾ സഹായിക്കാൻ ശ്രമിച്ചിരുന്നുവെന്നും എന്നാൽ സായുധ പോരാളികൾ പ്രദേശം പൂർണ്ണമായി വളഞ്ഞതിനാൽ രക്ഷപ്പെടാൻ കഴിയാതെ പോകുകയായിരുന്നുവെന്നും പ്രദേശവാസികൾ വെളിപ്പെടുത്തി.

6 July - **World Zoonoses Day**

World Zoonoses Day is observed every year on 6 July to emphasise and bring problem awareness amongst people and teach them to take the right action. Do you know the first vaccination against a zoonotic disease was administered by Louis Pasteur on 6 July 1885?

## റോക്ക്‌ലാൻഡ് സെന്റ് ജോർജ് ചർച്ച് കൂദാശ അനുഗ്രഹ വർഷമായി



ന്യൂയോർക്ക്: അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽപ്പെട്ട റോക്ക്‌ലാൻഡ് സെന്റ് ജോർജ് ദേവാലയത്തിന്റെ കൂദാശകർമ്മം ഭദ്രാസനാധിപൻ യൽദൊ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

വി.മൂറോൻ കൂദാശയുടെ തുടക്കം കുറിച്ചുകൊണ്ട് ഒന്നാം ഘട്ട ശുശ്രൂഷ ജൂൺ 20 വെള്ളിയാഴ്ച നടന്നു. 21-ാം തീയതി (ശനി) രാവിലെ 9 മണിക്ക് പ്രഭാത പ്രാർത്ഥനയും തുടർന്ന് വി.മൂറോൻ കൂദാശയുടെ രണ്ടാം ഘട്ട ശുശ്രൂഷകളും പൂർത്തീകരിച്ചു. മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി.കുർബ്ബാന അർപ്പണവും നടന്നു. മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി. മൂറോൻ അഭിഷേക ശുശ്രൂഷയിൽ വന്ദ്യ വൈദീകരും ഒട്ടനവധി വിശ്വാസികളും പങ്കുചേർന്നു.

പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി വെരി. റവ. ഗീവർഗീസ് ചട്ടത്തിൽ കോർഎപ്പിസ്കോപ്പാ (വികാരി), റവ.ഫാ. വിവേക് അലക്സ് (അസി. വികാരി), വർഗീസ് പരുത്തവയലിൽ (വൈസ് പ്രസിഡന്റ്), സണ്ണി പൗലോസ് (സെക്രട്ടറി), സൻജു ഇട്ടൻ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ പള്ളി ഭരണസമിതി വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്.

പരിശുദ്ധ ദേവാലയത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ ഒരു നാഴികകല്ലായി എന്നെന്നും സ്മരിക്കപ്പെടുന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് എൽദോ മാർ തീത്തോസിന്റെ വാക്കുകൾ ഹൃദ്യമായി. ആദിമ സഭയുടെ പീഡനകാലത്ത് ഭൂമിക്കടിയിലും ഗുഹകളിലും ആരാധന നടന്നിരുന്നതിനെക്കുറിച്ച് ബിഷപ്പ് പറഞ്ഞു. ഭൂമിക്കടിയിലെ ആരാധനാലയങ്ങൾ ഈജിപ്ത് സന്ദർശിച്ചപ്പോൾ കണ്ടതിനെക്കുറിച്ചും തിരുമേനി വിവരിച്ചു. എപ്പോൾ വേണമെങ്കിലും പീഡനങ്ങൾ ഏറ്റുവാങ്ങാൻ തയ്യാറായി നിന്നിരുന്ന ജനതയെയാണ് ആ വാക്കുകൾ ഓർമ്മിപ്പിച്ചത്.

ഇന്ത്യ പോലുള്ള നാടുകളിൽ വലിയ പീഡനങ്ങൾ ഏൽക്കാതെ ദേവാലയങ്ങൾ പണികഴിപ്പിക്കാൻ സാധിച്ചതും നൂറ്റാണ്ടുകൾ പഴക്കമുള്ള അനേകം ദേവാലയങ്ങൾ ഇന്നും നിലനിൽക്കുന്നതും അഭിമാനത്തോടെ നോക്കിക്കാണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ന്യൂയോർക്ക് ന്യൂജേഴ്സി മേഖലയിൽ ഒരു ദേവാലയം പണികഴിപ്പിച്ച് അതിന്റെ കൂദാശയിലേക്ക് കടന്നതിന്റെ സന്തോഷവും അദ്ദേഹം എടുത്തുപറഞ്ഞു. ഒരു പള്ളി വാങ്ങി രൂപമാറ്റം വരുത്തുന്നതിന് പകരം സ്ഥലം വാങ്ങി പണികഴിപ്പിച്ച ദേവാലയം എന്നുള്ള സവിശേഷതയും ഇവിടെയുണ്ട്.

സഭയുടെ പാരമ്പര്യമനുസരിച്ച് ഓരോ വിശുദ്ധന്റെ മധ്യസ്ഥതയിൽ സമർപ്പിച്ചാണ് ഓരോ ദേവാലയങ്ങളും മുന്നോട്ടുപോകുന്നത്. പരിശുദ്ധ ഗീവർഗീസ് പുണ്യാളന്റെ മധ്യസ്ഥതയിൽ സമർപ്പിതമായ ദേവാലയം. അത് ജീവിതത്തിൽ ഒരിക്കൽ മാത്രമേ നടക്കൂ. അത് ആവർത്തിക്കപ്പെടാൻ അനുവദിക്കാത്തതു പോലെ തന്നെ, മുൻപ് കൂദാശ ചെയ്തൊരു പള്ളിയും പിന്നീട് കൂദാശ ചെയ്യാൻപാടില്ല.

ക്രിസ്തു എന്ന മണവാളനും സഭ എന്ന മണവാട്ടിയും ക്രൈസ്തവ ദേവാലയത്തിന്റെ വലിയ അടയാളങ്ങളാണ്. സഭ എന്ന മണവാട്ടി ക്രിസ്തു എന്ന മണവാളനുവേണ്ടി ഒരുങ്ങുന്നതായ ഗീതകങ്ങളാണ് കൂദാശയുടെ അവസരത്തിൽ കേൾക്കുന്നത്. മാമോദീസയുടെയും വിവാഹത്തിന്റെയും ചില കാര്യങ്ങൾ ഇവിടെയും ഉണ്ടായിരിക്കുന്നതാണ്. ദൈവഭവനമായി ഒരു കെട്ടിടത്തെ സമർപ്പിക്കുന്നതിന്റെ ഭാഗമാണത്.

ദാവീദ് രാജാവ് ദൈവത്തിന് ആലയം പണിയണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ കർത്താവ് നൽകുന്ന മറുപടി പുത്രനായ ശലോമോനിലൂടെ അത് നിർവ്വഹിക്കൂ എന്നതാണ്. എനിക്ക് ചെയ്യാൻ സാധിക്കില്ലെങ്കിൽ അത് വേണ്ട എന്ന് ദാവീദ് ചിന്തിച്ചില്ല. മകൻ പള്ളി പണിയുന്നതിന് ആവശ്യമായ സാമ്പത്തികം ദാവീദ് കരുതിവച്ചു. ശലോമോൻ രാജാവ് ദൈവത്തിനുവേണ്ടി ഒരു ആലയം നിർമ്മിക്കുന്നതിന് തന്റെ സ്വാധീനവും സമ്പത്തും വിനിയോഗിച്ച് അത് കൂദാശ ചെയ്ത് ആരാധനയ്ക്കായി തുറന്നുകൊടുക്കുന്ന സന്ദർഭം ബിഷപ്പ് ഉദ്ധരിച്ചു.

രണ്ടു ഘട്ടങ്ങളായാണ് പള്ളിയുടെ കൂദാശ നിർവ്വഹിക്കപ്പെട്ടത്. ദേവാലയത്തിന്റെ അടിസ്ഥാന ശില വാഴിക്കുന്നതാണ് ആദ്യ പടി. ദേവാലയ കൂദാശയ്ക്കും രണ്ട് ഭാഗങ്ങളുണ്ട്. അതിൽ ഒന്നാണ് ആദ്യ ദിവസം നടന്നത്.

യാക്കോബായ സുറിയാനി സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിനും വി. ആരാധന നടത്തുന്നതിനും വരുംതലമുറയെ അതിലേക്കായി വഴി നടത്തുന്നതിനുമായി റോക്ക്‌ലാന്റ് കൗണ്ടിയുടെ ഹൃദയഭാഗത്ത് ഈ ദേവാലയം പടുത്തുയർത്തുന്നതിന് അഹോരാത്രം പരിശ്രമിച്ച സഭാംഗങ്ങളെ ഇത്തരണത്തിൽ പ്രത്യേകം സ്മരിക്കുകയും അവരുടെ പ്രയത്നങ്ങൾക്ക് സർവ്വശക്തനായ ദൈവം പ്രതിഫലം നൽകട്ടേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നതായി മെത്രാപ്പോലീത്താ അറിയിച്ചു.

കൂദാശ ചെയ്യപ്പെട്ട ദേവാലയത്തിൽ സാത്താൻ പ്രവേശിക്കുമോ എന്ന ചോദ്യവും തിരുമേനി ചോദിച്ചു. യേശുവിനെ സാത്താൻ പരീക്ഷിക്കുന്നതായി നാം ബൈബിളിൽ വായിക്കുന്നു. അതിനാൽ സാത്താൻ ആരിലൂടെയെങ്കിലും പള്ളിയിൽ പ്രവേശിച്ചുവെന്നു വരാം. അതിനാൽ തെറ്റായ ചിന്തകൾ പുറത്തു വച്ച് പ്രാർത്ഥനയോടെ മാത്രം ദേവാലയത്തിൽ പ്രവേശിക്കുക- അദ്ദേഹം ഉദ്ബോധിപ്പിച്ചു.

പള്ളിയുടെ ചരിത്രം വർഗീസ് പരുത്തവയലിൽ ചൂണ്ടിക്കാട്ടി. റോക്‌ലാൻഡിൽ 1987ൽ തുടങ്ങിയ സെന്റ് ജോർജ് ചർച്ച് സിറിയൻ ഓർത്തഡോക്സ് മലങ്കര രൂപതയ്ക്ക് കീഴിൽ നോർത്ത് അമേരിക്കയിൽ ആരംഭിച്ച ആദ്യകാല ദേവാലയങ്ങളിൽ ഒന്നാണ്.

ഡയോസിസിന്റെ ആദ്യ മെത്രാപ്പോലീത്ത കാലം ചെയ്ത യേശു സാമുവൽ മോർ അത്തനേഷ്യസിന്റെ കാലത്താണ് പള്ളി തുടങ്ങിയത്. എന്നും അന്ത്യോഖ്യയോട് കൂറ് പുലർത്തിയിരുന്ന ദേവാലയത്തെ ആദ്യകാലത്ത് നയിച്ചത് റവ.ഫാ. മാർക്കോസ് ചാലുപറമ്പിൽ, വെരി. റവ. വർഗീസ് മരുന്നിനാൽ കോർ എപ്പിസ്കോപ്പ, വെരി റവ.ഗീവർഗീസ് പുത്തൂർ കുടിലിൽ കോർ എപ്പിസ്കോപ്പാ എന്നിവരായിരുന്നു. 2009ൽ വെരി റവ. കുരിയാക്കോസ് കറുകയിൽ കോർ എപ്പിസ്കോപ്പ ചാർജെടുത്തു.

ദേവാലയം പണികഴിപ്പിക്കാൻ സ്വന്തമായി ഭൂമി കണ്ടെത്തിയത് 2009 മാർച്ചിലായിരുന്നു. കാലം ചെയ്ത ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ ആദ്യശില വെഞ്ചരിച്ചു. പിന്നെയും ഏഴുവർഷങ്ങൾ കാത്തിരുന്നിട്ടാണ് 2016 ൽ പള്ളിപണിയാനുള്ള അനുവാദം ലഭിച്ചത്. ഇതിനകം വെരി റവ. ഗീവർഗീസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ വികാരിയായി ചുമതലയേറ്റിരുന്നു. രണ്ടുവർഷം കൊണ്ട് പണിപൂർത്തീകരിക്കുകയും 2019 ൽ ആർച്ച് ബിഷപ്പിന്റെ ആശീർവാദത്തോടെ പ്രാർത്ഥനാശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു.

## ശ്രീശ്രീ രവിശങ്കറിന് ജാക്സൺവില്ലിൽ ആദരം



ഫ്ലോറിഡ: ഇന്ത്യൻ ആത്മീയ നേതാവ് ഗുരുദേവ് ശ്രീശ്രീ രവിശങ്കറിനെ ആദരിച്ചുകൊണ്ട് ഫ്ലോറിഡയിലെ ജാക്സൺവിൽ നഗരം ജൂൺ 16 ശ്രീശ്രീ രവിശങ്കർ സമാധാന ക്ഷേമ ദിനമായി പ്രഖ്യാപിച്ചു. സമാധാനം, മാനസിക ക്ഷേമം, സമൂഹ നിർമ്മാണം എന്നിവയ്ക്ക് പതിറ്റാണ്ടുകളായി നൽകിയ സംഭാവനകളെ മാനിച്ചാണ് ഈ ആദരവ്. നോർത്ത് ഫ്ലോറിഡ സർവകലാശാലയിൽ നടന്ന ഔപചാരിക ചടങ്ങിൽ ജാക്സൺവില്ലെ മേയർ ഡോണ ഡീഗൻ ആണ് പ്രഖ്യാപനം അവതരിപ്പിച്ചത്.

അക്രമരഹിതവും സമ്മർദ്ദരഹിതവുമായ ഒരു ലോകം എന്നുള്ള അദ്ദേഹത്തിന്റെ ദർശനത്തെയാണ് ആദരിക്കുന്നതെന്ന് മേയർ അഭിപ്രായപ്പെട്ടു. എല്ലാ ജനങ്ങൾക്കും അന്തസ്സിലും കാരുണ്യത്തിലും സ്വത്വത്തിലും വേരൂന്നിയ ഒരു സമൂഹത്തെ വളർത്തിയെടുക്കാൻ ജാക്സൺവില്ലെ നഗരം പ്രതിജ്ഞാബദ്ധമാണെന്നും ചുറ്റുപാടും സമാധാനം, ക്ഷേമം, ഐക്യം എന്നിവ നിലനിർത്തി മുന്നോട്ട് കൊണ്ടുപോകുന്നതിൽ ആത്മീയ സാംസ്കാരിക നേതാക്കൾ സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

1981ൽ ശ്രീശ്രീ രവിശങ്കർ സ്ഥാപിച്ച ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ ഇന്ന് 180ലധികം രാജ്യങ്ങളിലേക്ക് വ്യാപിച്ചു. യുദ്ധം, പ്രകൃതിദുരന്തങ്ങൾ, സാമൂഹിക അനീതി എന്നിവയാൽ ബാധിതമായ പ്രദേശങ്ങളിൽ, ആഘാത നിവാരണം, യുവജന ശാക്തീകരണം, സംഘർഷ പരിഹാരം, സമൂഹ രോഗശാന്തി എന്നിവയിൽ അദ്ദേഹം നടത്തിയ മുൻനിര ശ്രമങ്ങളെക്കുറിച്ചും പ്രഖ്യാപനത്തിൽ മേയർ പരാമർശിച്ചു.

സുദർശൻ ക്രിയ പോലെ ശ്രീശ്രീ രവിശങ്കർ പഠിപ്പിക്കുന്ന കാര്യങ്ങൾ, ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ജീവിതങ്ങളിൽ മാനസികമായും വൈകാരികമായും ശാരീരികമായും സമഗ്രമായ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

7 July - **World Chocolate Day**

The day is observed on July 7 as on this date in 1550, chocolate was first brought to Europe. World Chocolate Day is celebrated in different countries on different days.

7 July- **Global Forgiveness Day**

Global Forgiveness Day on July 7, also known as International Forgiveness Day, is a relatively new observance dedicated to promoting forgiveness and reconciliation on a global scale. The exact origin and history of Global Forgiveness Day are not well-documented, but forgiveness as a concept has deep roots in various cultures and religions.

## റസിഡൻഷ്യൽ കമ്യൂണിറ്റി ഓർഗനൈസേഷനായ ഔവ്വർ റിവർസ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ ഓണാഘോഷം

**– ജിൻസ് മാത്യു**

ഹൂസ്റ്റൺ: ഗ്രേറ്റർ ഹൂസ്റ്റണിലെ റസിഡൻഷ്യൽ കമ്യൂണിറ്റി ഓർഗനൈസേഷനായ ഔവ്വർ റിവർസ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷൻ (ഒരുമ)ലോക മലയാളികളുടെ ഒരുമയുടെ ദേശീയ ഉത്സവമായ ചിങ്ങ മാസത്തെ തിരുവോണത്തെ വരവേൽക്കുവാൻ തയ്യാറാകുന്നു.

ഓഗസ്റ്റ് മാസം 23 ശനിയാഴ്ച്ച വൈകിട്ട് 4ന് സെയിന്റ് തോമസ് ആഡിറ്റോറിയത്തിൽ ചേരുന്ന ഒരുമയുടെ പൊന്നോണ നക്ഷത്ര രാവിൽ വ്യത്യസ്തങ്ങളായ ദേശീയ, അന്തർദേശീയ കലാ പരിപാടികൾ അരങ്ങേറുന്നു.

ഒരുമ മന്നൻ, ഒരുമ മങ്ക മൽസരം, മാവേലി തമ്പുരാന്റെ എഴുന്നള്ളത്ത്, തടിയിൽ പണിതെടുത്ത സ്വന്തമായ ഒരുമ ചുണ്ടൻ വള്ളം തുഴച്ചിൽ പ്രകടനം എന്നിവയും ഉണ്ടായിരിക്കും. കേരളത്തനിമയോടു കൂടിയുള്ള വിഭവ സമൃദ്ധമായ ഓണ സദ്യയോടു കൂടി പരിപാടികൾക്ക് സമാപനമാകും.

പ്രസിഡന്റ് ജിൻസ് മാത്യുവിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ഒരുമയുടെ മുൻ പ്രസിഡന്റുമാർ ഉൾക്കൊള്ളുന്ന പ്രസിഡന്റ് കൗൺസിലും, മുൻ എക്സിക്യൂട്ടീവ് ഭാരവാഹികളടങ്ങുന്ന ലീഡേഴ്സ് ഓഫ് ഒരുമയെയും ചുമതലപ്പെടുത്തിയാണ് പരിപാടികൾ നടക്കുന്നത്. പ്രോഗ്രാം കോ ഓർഡിനേറ്ററായി ഡോ. ജോസ് തൈപറമ്പിൽ പ്രവർത്തിക്കും.

## ഫിലാഡൽഫിയയിൽ സണ്ടേസ്കൂൾ വാർഷികവും ഗ്രാജുവേഷനും അവാർഡുദാനവും




ഫിലാഡൽഫിയ: സെന്റ് തോമസ് സീറോമലബാർ വിശ്വാസ പരിശീലന സ്കൂൾ വാർഷികവും, കുട്ടികളുടെ ടാലന്റ് ഷോയും, പന്ത്രണ്ടാം ക്ലാസ് ഗ്രാജുവേഷനും ആഘോഷിച്ചു.

കൈക്കാരന്മാരായ പോളച്ചൻ വറീദ്, ജോസ് തോമസ്, സജി സെബാസ്റ്റ്യൻ, ജോജി ചെറുവേലിൽ, ജെറി കുരുവിള, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, സൺഡേ സ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, വൈസ് പ്രിൻസിപ്പാൾ ജോസ് മാളേയ്ക്കൽ, പി. ടി. എ. പ്രസിഡന്റ് ജോബി കൊച്ചുമുട്ടം, മതാധ്യാപകർ കൂടിയായ സി.എം.സി സിസ്റ്റേഴ്സ്, പ്രോഗ്രാം കോർഡിനേറ്റർ ജയിൻ സന്തോഷ്, മതാധ്യാപകർ, മാതാപിതാക്കൾ എന്നിവരെ സാക്ഷിയാക്കി മുഖ്യാതിഥിയായ സാഗർ സീറോ മലബാർ രൂപതാ ബിഷപ് മാർ ജെയിംസ് അത്തിക്കളം, ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ എന്നിവർ ഭദ്രദീപം തെളിച്ച് സി. സി.ഡി. വാർഷികാഘോഷങ്ങളും, ടാലന്റ് നൈറ്റും ഉദ്ഘാടനം ചെയ്തു.

മൂന്നു മണിക്കൂർ നീണ്ട സി.സി.ഡി. നൈറ്റിൽ പ്രീകെ മുതൽ പന്ത്രണ്ടുവരെ എല്ലാ ക്ലാസുകളിലെയും കുട്ടികൾ സംഘ നൃത്തം, ആക്ഷൻ സോംഗ്, സ്കിറ്റ്, കോമഡി എന്നിങ്ങനെ വ്യ്തസ്തങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു.

ഹോളി ചൈൽഡ്ഹുഡ് അസോസിയേഷൻ നടത്തിയ ബൈബിൾ റീഡിംഗ് ചലഞ്ച്, 2025 ബൈബിൾ ജെപ്പടി മൽസരങ്ങളിൽ വിജയം വരിച്ചവരെയും, പ്രീകെ മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസുകളിൽനിന്നും സമ്പൂർണ ഹാജർ നേടിയ കുട്ടികളെയും, പഠനത്തിൽ ഉന്നതനിലവാരം പുലർത്തിയവരെയും, സർട്ടിഫിക്കറ്റും, കാഷ് അവാർഡും നൽകി ആദരിച്ചു.

ജൂൺ 8 ഞായറാഴ്ച്ച ദിവ്യബലിക്കുശേഷം നടന്ന ഗ്രാജുവേഷൻ ചടങ്ങിൽ പ്രീ കെ മുതൽ 14 വർഷങ്ങളിലെ ചിട്ടയായ വിശ്വാസപരിശീലനത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ 24 ഹൈസ്കൂൾ ബിരുദധാരികളെ ആദരിച്ചു. മദ്ധ്യപ്രദേശിലെ സാഗർ സീറോ മലബാർ രൂപതാ ബിഷപ് മാർ ജെയിംസ് അത്തിക്കളം മുഖ്യാതിഥിയായി ഗ്രാജുവേഷൻ ചടങ്ങിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

ഇടവക വികാരി റവ.ഡോ.ജോർജ് ദാനവേലിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയെ തുടർന്നാണു സി.സി.ഡി. ക്ലാസ് ഓഫ് 2025 ഗ്രാജുവേറ്റ്സിനെ അനുമോദിച്ചത്. മതബോധനസ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, പന്ത്രണ്ടാംക്ലാസ് അധ്യാപിക ഡോ. ബിന്ദു മെതിക്കളം ക്ലാസ് ഓഫ് 2025നു ആശംസകളർപ്പിച്ചു.

പന്ത്രണ്ടാം ക്ലാസിലെ ബെസ്റ്റ് സ്റ്റുഡന്റ് ആയ ആശിഷ് തങ്കച്ചനു ജോസഫ് കാഞ്ഞിരക്കാട്ടുതൊട്ടിയിലിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കൊച്ചുമകൻ ഡോ.ജോസിൻ ജയിംസ് ഏർപ്പെടുത്തിയിരിക്കുന്ന 1000 ഡോളർ കാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും മാർ ജെയിംസ് അത്തിക്കളവും, റവ.ഡോ.ജോർജ് ദാനവേലിലും, ഡോ.ജോസിനും കുടുംബവും സംയുക്തമായി നൽകി ആദരിച്ചു.

സി.സി.ഡി. പൂർവവിദ്യാർത്ഥികളായ ഡോ. ജേക്കബ് സെബാസ്റ്റ്യൻ, ജോസഫ് സെബാസ്റ്റ്യൻ, ജയിംസ് മാത്യു, സിറിൽ ജോൺ, ജെറിൻ ജോൺ എന്നിവർ ഏർപ്പെടുത്തിയ 1000 ഡോളർ ഫാമിലി ഫ്രണ്ട്സ് സ്കോളർഷിപ് ഏറ്റവും നല്ല ലേഖനം രചിച്ച ഫിയോണാ കൊച്ചുമുട്ടം കരസ്ഥമാക്കി.

സി.സി.ഡി. പന്ത്രണ്ടാം ക്ലാസിൽനിന്നും എസ്.എ.റ്റി പരീക്ഷയിൽ ഉന്നതവിജയം നേടിയ ജെസിക്കാ ചാക്കോ, ലിലി ചാക്കോ എന്നിവർക്ക് എസ്.എം.സി. സി.ഫിലാഡൽഫിയ ചാപ്റ്റർ നൽകുന്ന കാഷ് അവാർഡുകൾ എസ്.എം.സി.സി. പ്രസിഡന്റ് ജോജോ കോട്ടൂരും ടീമംഗങ്ങളുംകൂടി നൽകി ആദരിച്ചു.

സി.സി.ഡി. ഈയർബുക്കിന്റെ പിന്നിൽ പ്രവർത്തിച്ച സ്റ്റുഡന്റ് എഡിറ്റർമാരായ ഫിയോണാ കൊച്ചുമുട്ടം, ജോയ്സ് സോബിൻ എന്നിവരെയും തദവസരത്തിൽ ആദരിക്കുകയുണ്ടായി.

**ഫോട്ടോ: ജോസ് തോമസ്**



⇦ ഔവ്വർ റിവർസ്റ്റോൺ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ (ഒരുമ)കൂട്ടായ്മയിൽ നിന്നും

7 July- **Islamic New Year**

The Islamic New Year is also known as the Hijri New Year. The day marks the beginning of the new lunar Hijri year and also the day on which the year count is increased. Most Muslims around the globe mark the first day of the month of Muharram as the start of the Islamic year. This year the first day of the Islamic New Year will be marked on July 7(tentative).

## നവജാത ശിശുക്കൾക്കായി ആയിരം ഡോളറിന്റെ നിക്ഷേപം; കയ്യടി നേടി ട്രംപ്

ഹൂസ്റ്റൺ: കുടിയേറ്റ വിരുദ്ധ നടപടികൾക്കിടയിലും ജനപ്രിയ പദ്ധതികളുമായി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. 2025 ജനുവരി 1 നും 2028 ഡിസംബർ 31 നും ഇടയിൽ ജനിക്കുന്ന ഓരോ അമേരിക്കൻ കുഞ്ഞിന്റെ പേരിലും 1,000 ഡോളർ നിക്ഷേപ അക്കൗണ്ടുകൾ നടപ്പാക്കുന്നു. അടുത്തിടെ വൈറ്റ്ഹൗസ് ആണ് അനൗദ്യോഗികമായി ട്രംപ് അക്കൗണ്ട്സ് അല്ലെങ്കിൽ മാഗ അക്കൗണ്ടുകൾ എന്നറിയപ്പെടുന്ന ഈ പദ്ധതി പാസാക്കിയത്. ഇപ്പോൾ സെനറ്റിന്റെ പരിഗണനയിലാണ് പദ്ധതി. വിശാലമായ നികുതികിഴിവ് പാക്കേജിന്റെ ഭാഗമാണ് പുതിയ പദ്ധതി എന്നതാണ് ശ്രദ്ധേയം. യോഗ്യരായ ഓരോ നവജാതശിശുവിനും ഫെഡറൽ ഗവൺമെന്റിൽ നിന്ന് ഒറ്റത്തവണ 1,000 ഡോളർ സംഭാവന ലഭിക്കും.

മാതാപിതാക്കൾക്കോ മത സ്ഥാപനങ്ങൾക്കോ സ്വകാര്യ ദാതാക്കൾക്കോ പ്രതിവർഷം 5,000 ഡോളർ വരെ അധിക സംഭാവനകൾ നൽകാം. വിദ്യാഭ്യാസം, തൊഴിൽ പരിശീലനം അല്ലെങ്കിൽ ആദ്യ വീട് വാങ്ങൽ എന്നിവയ്ക്കായി 18 വയസ്സ് ആകുമ്പോൾ ഫണ്ടുകൾ ഭാഗികമായി ലഭ്യമാകും. 30 വയസ്സിൽ പൂർണ്ണ പ്രയോജനം ലഭിക്കുന്ന തരത്തിലാണ് പദ്ധതിയുടെ ഘടന. വൈറ്റ് ഹൗസിൽ നടന്ന ഇൻവെസ്റ്റ് അമേരിക്ക എന്ന വട്ടമേശ സമ്മേളനത്തിൽ ഊബർ, ഗോൾഡ്മാൻ സാച്ച്സ്, റോബിൻഹുഡ് എന്നീ കമ്പനികളുടെ സിഇഒമാർ ഉൾപ്പെടെയുള്ള മറ്റ് ബിസിനസ് നേതാക്കൾ പദ്ധതിയെക്കുറിച്ചുള്ള ചർച്ചയിൽ താൽപര്യവും പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതി പാസായാൽ ഡെൽ ടെക്നോളജീസ് തങ്ങളുടെ ജീവനക്കാരുടെ നവജാതശിശുക്കൾക്ക് 1,000 ഡോളർ നൽകുമെന്നും പറഞ്ഞു.

**ട്രംപ് ബേബി നിക്ഷേപ അക്കൗണ്ട് പ്രോഗ്രാം**

യുഎസ് സ്റ്റോക്ക് മാർക്കറ്റിന്റെ പ്രകടനവുമായി ബന്ധിപ്പിച്ച് 2025 ജനുവരി 1 നും 2028 ഡിസംബർ 31 നും ഇടയിൽ യുഎസിൽ ജനിക്കുന്ന ഓരോ കുട്ടിക്കും 1,000 ഡോളർ സർക്കാർ ധനസഹായമുള്ള നിക്ഷേപ അക്കൗണ്ട് നൽകുന്ന ഒരു നിർദ്ദിഷ്ട ഫെഡറൽ സംരംഭമാണിത്.

ഇൻവെസ്റ്റ് അമേരിക്കപദ്ധതിയുടെ ഭാഗമാണ് അക്കൗണ്ടുകൾ. കൂടാതെ അനൗപചാരികമായി ട്രംപ് അക്കൗണ്ടുകൾഅല്ലെങ്കിൽ മാഗ അക്കൗണ്ടുകൾ(വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള മണി അക്കൗണ്ടുകൾ) എന്ന് വിളിക്കുന്നു.

കുടുംബങ്ങൾക്കോ മറ്റുള്ളവർക്കോ കൂടുതൽ സംഭാവന നൽകാൻ കഴിയും. കുട്ടിയുടെ വളർത്തൽ സമയത്ത് മാതാപിതാക്കൾക്കും മത സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും പ്രതിവർഷം 5,000 ഡോളർ വരെ അക്കൗണ്ടിലേക്ക് സംഭാവന ചെയ്യാൻ കഴിയും. വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം അല്ലെങ്കിൽ ആദ്യ വീട് വാങ്ങൽ തുടങ്ങിയ പ്രത്യേക ആവശ്യങ്ങൾക്കായി 18 വയസ്സിൽ ഫണ്ടുകൾ ഭാഗികമായി ലഭ്യമാകും. 30 വയസ്സിൽ പൂർണ്ണ ബാലൻസ് ലഭ്യമാകും.

അക്കൗണ്ടുകൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. അതായത് പിൻവലിക്കൽ വരെ നിക്ഷേപങ്ങൾ നികുതി രഹിതമായി വളരുന്നു. 529 കോളജ് സേവിങ്സ് പ്ലാനുകൾക്ക് സമാനമാണ്. പക്ഷേ കുറഞ്ഞ വാർഷിക സംഭാവന പരിധിയോടെയാണെന്ന് മാത്രം.

കുട്ടി ഫണ്ടുകൾ കൈകാര്യം ചെയ്യാൻ യോഗ്യനാകുന്നതു വരെ കുട്ടിയുടെ നിയമപരമായ രക്ഷിതാക്കൾക്ക് അക്കൗണ്ട് കൈകാര്യം ചെയ്യാം.

## സൗത്ത് കരോലിനയിൽ സ്റ്റീഫൻ സ്റ്റാൻകോയുടെ വധശിക്ഷ നടപ്പാക്കി

**- പി പി ചെറിയാൻ**

സൗത്ത് കരോലിന: വ്യത്യസ്ത കൊലപാതകങ്ങൾക്ക് രണ്ടുതവണ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട സൗത്ത് കരോലിനയിലെ ഒരാളെ വെള്ളിയാഴ്ച വിഷം കുത്തിവച്ച് വധശിക്ഷയ്ക്ക് വിധേയമാക്കി. ഒമ്പത് മാസത്തിനിടെ സംസ്ഥാനത്തെ ആറാമത്തെ വധശിക്ഷയാണിത്.

57 കാരനായ സ്റ്റീഫൻ സ്റ്റാൻകോയെ വൈകുന്നേരം 6:34ന് മരിച്ചതായി പ്രഖ്യാപിച്ചു.

2005 ൽ ഹോറി കൗണ്ടിയിൽ ഒരു സുഹൃത്തിനെ വെടിവച്ച് കൊന്നതിനും തുടർന്ന് അയാളുടെ ബാങ്ക് അക്കൗണ്ട് കൈക്കലാക്കിയതിനുമാണ് വധശിക്ഷയ്ക്ക് വിധിച്ചത്.

ജോർജ്ജ്ടൗൺ കൗണ്ടിയിലെ വീട്ടിൽ തന്റെ കാമുകിയെ കൊലപ്പെടുത്തിയതിനും, കൗമാരക്കാരിയായ മകളെ ബലാത്സംഗം ചെയ്തതിനും സ്റ്റാങ്കോ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരുന്നു. സ്റ്റാൻകോ കൗമാരക്കാരിയുടെ കഴുത്ത് മുറിച്ചെങ്കിലും അവൾ രക്ഷപ്പെട്ടു.

സ്റ്റാൻകോയുടെ അവസാന പ്രസ്താവന അദ്ദേഹത്തിന്റെ അഭിഭാഷകർ ഉറക്കെ വായിച്ചു, കുറച്ച് മിനിറ്റുകൾക്ക് ശേഷം അദ്ദേഹം മരിച്ചതായി പ്രഖ്യാപിച്ചു. സൗത്ത് കരോലിനയിൽ നിലവിൽ 25 തടവുകാർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനം ഓരോ ആറ് ആഴ്ചയിലും ഒരു തടവുകാരനെ വധശിക്ഷയ്ക്ക് വിധേയമാക്കുന്നത് തുടരുന്നു.

9 July- **National Sugar Cookie Day**

It is observed on 9 July to honour the popular and delicious sugar cookie. The day celebrates the delicious little treat of sugar cookie and the big role it plays in our lives.

## ജാക്സൺ ഹൈറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാദേഴ്സ് ഡേ കൊണ്ടാടി



ജാക്സൺ ഹൈറ്റ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാദേഴ്സ് ഡേ ആചരണത്തിന്റെ ഭാഗമായി പിതാക്കന്മാരെ ആദരിച്ചു.

ഇടവക വികാരി റവ.ഫാ.ജോൺ തോമസ് ആലുംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗം ഹേസൽ, ഹെൽഗ എന്നിവരുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ചു. വി. ലൂക്കോസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായം പതിനൊന്ന് മുതലുള്ള വാക്യങ്ങൾ ഹെലേനാ മാണി വായിച്ചു.

തുടർന്ന് അനിൽ തോമസ് ചെമ്പകശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. വായിച്ചു കേട്ട സുവിശേഷ ഭാഗത്തെ, തന്നിൽ നിന്ന് അകന്നു പോയി ധൂർത്തടിച്ച് നാശത്തിലേക്ക് പോയ ഒരു മകനെ ഓർത്ത് ഹൃദയം തേങ്ങുന്ന ഒരു പിതാവിന്റെ ചിത്രം അദ്ദേഹം ചൂണ്ടിക്കാട്ടി. അത് പോലെ സൃഷ്ടികളുടെ പിതാവായ ദൈവം പാപത്തിലൂടെ അകന്നു പോയ മനുഷ്യരെ തന്നിലേക്ക് മടക്കി വരുത്തുവാനുള്ള ശ്രമം ദൈവപുത്രനിലൂടെ സാധ്യമാക്കിയത് അദ്ദേഹം ഭംഗിയായി വർണ്ണിച്ചു.

റയ്നാ ബിനോയ്, സെറാഫിനാ തര്യൻ എന്നിവർ ആശംസകൾ അറിയിച്ചു. റോയ് ബിനോയിയുടെ ഒരു ഗാനാലാപത്തെ തുടർന്ന് ഇടവകയിലെ ഏറ്റവും മുതിർന്ന അംഗമായ ജേക്കബ് മാത്യു കരിങ്ങണാമറ്റത്തിന്റെ നേതൃത്വത്തിൽ കേക്ക് മുറിച്ച് വിതരണം ചെയ്തു.

സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് സണ്ടേസ്കൂൾ പ്രിൻസിപ്പൽ ബിജി വർഗീസ്, വൈസ് പ്രിൻസിപ്പൽ ശിൽപാ തര്യൻ, യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡണ്ട് ആൽവിൻ സോട്ടർ തുടങ്ങിയവർ നേതൃത്വം നൽകി.

## റ്റി. കെ. എഫ് ഓണാഘോഷ പരിപാടികൾക്ക് തുടക്കം




**- സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയയിലെ മലയാളികളുടെ മഹോത്സവമായ ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷ പരിപാടികൾക്ക് ഫിലാഡൽഫിയയിൽ കൊടിയേറി. മയൂര ഇന്ത്യൻ റെസ്റ്റോറന്റിൽ വച്ച് നടത്തപ്പെട്ട പരിപാടിയിൽ അക്കരക്കാഴ്ച മെഗാ സീരിയലിലൂടെ ജനപ്രീതി നേടിയ കലാകാരൻ ജോർജ്കുട്ടി വലിയ കല്ലുങ്കൽ മുഖ്യാതിഥിയായി പങ്കെടുത്തു.

ഓഗസ്റ്റ് 23 നു ഫിലാഡൽഫിയയിൽ അരങ്ങേറുന്ന ഓണ മഹോത്സവത്തിന് മുന്നോടിയായുള്ള ടിക്കറ്റ് കിക്കോഫ് അക്കരെക്കാഴ്ച താരം ജോർജ്കുട്ടി വലിയ കല്ലുങ്കൽ പ്രോഗ്രാം കോർഡിനേറ്റർ വിൻസെന്റ് ഇമ്മാനുവേൽ, ബ്രിഡ്ജിത് വിൻസെന്റ് എന്നിവർക്ക് ആദ്യ ടിക്കറ്റ് നൽകിക്കൊണ്ട് നിർവഹിച്ചു.

ചെയർമാൻ ബിനു മാത്യു അധ്യക്ഷത വഹിച്ച പരിപാടിയിൽ ഓണം ചെയർമാൻ അഭിലാഷ് ജോൺ സ്വാഗതം അർപ്പിച്ചു. ജനറൽ സെക്രട്ടറി സാജൻ വർഗീസ്, ജോയിൻ സെക്രട്ടറി സുമോദ് റ്റി നെല്ലിക്കാല, ഷിജി ഷാനി എന്നിവർ യോഗ നടപടികൾ നിയന്ത്രിച്ചു. ട്രഷറർ ജോർജ് ഓലിക്കൽ നന്ദിപ്രകാശനം നടത്തി.

പമ്പ അസോസിയേഷൻ പ്രെസിഡന്റ് ജോൺ പണിക്കർ, കോട്ടയം അസോസിയേഷൻ പ്രസിഡന്റ് സണ്ണി കിഴക്കേമുറി, ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രസിഡന്റ് ഫിലിപ്പോസ് ചെറിയാൻ, പ്രസ് ക്ലബ് ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് അരുൺ കോവാട്ട്, ടി കെ എഫ് വൈസ് ചെയർമാൻ അലക്സ് തോമസ്, ആശാ അഗസ്റ്റിൻ, സുധാ കർത്താ, ജോബി ജോർജ്, ജീമോൻ ജോർജ്, ടി കെ എഫ് കേരളാ ഡേ ചെയർമാൻ രാജൻ സാമുവേൽ, കർഷക ശ്രീ കോർഡിനേറ്റർ ജോർജുകുട്ടി ലൂക്കോസ്, സാഹിത്യവേദിക്കുവേണ്ടി ജോർജ് നടവയൽ, ഓർമ്മ ഇന്റർ നാഷണൽ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ, ജോസ് ആറ്റുപുറം, സിമിയോക്കുവേണ്ടി ചാക്കോ എബ്രഹാം, മാതാ ഡാൻസ് അക്കാഡമിക്ക് വേണ്ടി ബേബി തടവനാൽ, ഷാജി സുകുമാരൻ എന്നിവർ ആശംസ അർപ്പിച്ചു.

ട്രൈസ്റ്റേറ്റ് ഏരിയയിലെ മുഴുവൻ മലയാളികളെയും ഒന്നിച്ചൊരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ടു ട്രൈസ്റ്റേറ്റ് കേരളാ ഫോറം അവതരിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾ മെഗാ തിരുവാതിര, വിഭവ സമൃദ്ധമാർന്ന ഓണ സദ്യ, മാവേലി എഴുന്നള്ളത്ത് എന്നിവ കൊണ്ട് മുൻകാലങ്ങളിൽ ദേശീയ തലത്തിൽ ജനശ്രദ്ധ നേടിയിട്ടുള്ള ട്രൈസ്റ്റേറ്റ് കേരളാ ഫോറം ഓണാഘോഷ പരിപാടികൾക്ക് ഇത്തവണയും നയന മനോഹരമായ വിനോദ പരിപാടികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്.

എം.സി.ഇ.എഫ്.ഇ.ഇ എന്റർടൈൻമെന്റ് കമ്പനി അവതരിപ്പിക്കുന്ന സ്പാർക് ഓഫ് കേരള സ്റ്റേജ് പ്രോഗ്രാം ട്രൈസ്റ്റേറ്റ് കേരളാ ഫോറവുമായി പങ്ക് ചേർന്നാണ് ഫിലാഡൽഫിയയിൽ അരങ്ങേറുക. സ്പാർക് ഓഫ് കേരളാ എന്റർടൈൻമെന്റിന്റെ താരങ്ങളും പിന്നണി ഗായകരും ടി കെ എഫ് ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കും.

കൂടുതൽ വിവരങ്ങൾക്ക്:

ബിനു മാത്യു 267 893 9571 (ചെയർമാൻ), സാജൻ വർഗീസ് 215 906 7118 (ജനറൽ സെക്രട്ടറി), ജോർജ് ഓലിക്കൽ 215 873 4365 (ട്രഷറർ), അഭിലാഷ് ജോൺ 267 701 3623 (ഓണാഘോഷ ചെയർമാൻ), വിൻസെന്റ് ഇമ്മാനുവേൽ 215 880 3341 (പ്രോഗ്രാം കോർഡിനേറ്റർ), അരുൺ കോവാട്ട് 215 681 4472 (പ്രോഗ്രാം പ്രൊഡ്യൂസർ), രാജൻ സാമുവേൽ 215 435 (കേരളാ ഡേ ചെയർമാൻ)

# മിത്രാസിന്റെ കുരുക്ഷേത്ര ന്യൂജേഴ്സിയിലെ കലാപ്രേമികളുടെ ഹൃദയം കവർന്നു



ന്യൂജേഴ്സി: മിത്രാസിന്റെ കുരുക്ഷേത്ര നൃത്താവിഷ്കാരത്തിന് അഭിമാനാർഹമായ അംഗീകാരം. മഹാഭാരതത്തെ ആസ്പദമാക്കി ഒരുക്കിയ ഈ വിസ്മയം കാണാൻ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാപ്രേമികൾ ന്യൂജേഴ്സിയിലെ റോസൺ പെർഫോമിംഗ് ആർട്സ് സെന്ററിൽ എത്തിച്ചേർന്നിരുന്നു. ഷോ ഹൗസ് ഫുൾ ആയതിന്റെ സന്തോഷം മിത്രാസ് ഗ്രൂപ്പിന്റെ സാരഥികളായ രാജൻചീരനും ഷിറാസും പങ്കുവച്ചു.

നാട്യാചാര്യൻ ആർ.എൽ.വി ആനന്ദിന്റെ നൃത്തസംവിധാനവും ശാസ്ത്രീയ സംഗീതത്തിൽ പ്രതിഭ തെളിയിച്ച ഇടപ്പള്ളി അജിത്തിന്റെ സംഗീതവും നിമേഷ് ശർമ്മയുടെ വരികളും കുരുക്ഷേത്രയെ അവിസ്മരണീയമായ തലത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

മിത്രാസ് ഡയറക്ടേഴ്സ് സ്മിത ഹരിദാസ്, പ്രവീണ മേനോൻ, ജെംസൺ കുര്യാക്കോസ്, ശാലിനി രാജേന്ദ്രൻ, ശോഭ ജേക്കബ് എന്നിവരുടെ സമർപ്പണത്തിന്റെ ഫലമായാണ് ലോകോത്തര നിലവാരത്തിൽ ഇങ്ങനൊരു നൃത്തരൂപം സാധ്യമായത്. ഒരു ഡോളർ പോലും പ്രതിഫലം വാങ്ങാതെ നമ്മുടെ കലയെയും സംസ്കാരത്തെയും പരിപോഷിപ്പിക്കാൻ ഒരേമനസോടെ നോർത്ത് അമേരിക്കയിൽ നിന്ന് എത്തിച്ചേർന്ന കലാകാരന്മാർ പ്രൊഫഷണലുകളുടെ അതേ രീതിയിലുള്ള പ്രകടനമാണ് കാഴ്ചവച്ചത്.

മഹാഭാരതത്തെ പൂർണമായും അവലംബിച്ചുകൊണ്ടൊരു നൃത്താവിഷ്കാരമോ സംഗീതാവിഷ്കാരമോ ലോകത്തുതന്നെ ഇതാദ്യമാണ്. അഞ്ജലി ജയറാം, അനുശ്രീ ശ്രീകുമാർ, ദീപരാജേഷ്, ദേവിക നായർ, മെർലിൻ ജോസഫ്, മറീന ആന്റണി, മീര മോഹൻദാസ്, നീലിമ നായർ, നിരുപമ ചന്ദ്രശേഖരൻ, പ്രവീണ മേനോൻ, രേഖ പ്രദീപ്, സംഗീത ടോം, സപ്ന കൃഷ്ണരാജ്, സ്മിത ഹരിദാസ്, വീണ രാധാകൃഷ്ണൻ, വീണ രമേശ്, നന്ദന കൃഷ്ണരാജ്, സാഗർ ശ്രീകണ്ഠൻ നായർ എന്നീ 18 സീനിയർ ആർട്ടിസ്റ്റുകളും അമേരിക്കയിൽ ജനിച്ചുവളർന്ന 12 നൃത്തവിദ്യാർത്ഥികളും ചേർന്നുള്ള രണ്ടുമണിക്കൂർ ദൈർഘ്യമുള്ള പ്രകടനം ഏവരെയും അത്ഭുതപ്പെടുത്തി. ഭരതനാട്യം എന്ന നൃത്തരൂപത്തെ കൂടുതൽ ജനകീയമാക്കുന്നതിനുള്ള എളിയ ശ്രമം കൂടിയാണിത്.

ഭരതനാട്യത്തിലൂടെ പാണ്ഡവർക്കും കൗരവർക്കും ഇടയിൽ നടന്ന 18 ദിവസങ്ങൾ നീണ്ടുനിന്ന യുദ്ധം മാത്രമല്ല കുരുക്ഷേത്രയിലൂടെ പ്രേക്ഷകർ ആസ്വദിച്ചത്. വ്യാസനും ഗണപതിയും മഹാഭാരതം രചിക്കുന്നതിൽ തുടങ്ങി, ഗംഗയും ശന്തനുവും കണ്ടുമുട്ടുന്നത്, ഭീഷ്മരുടെ ജനനം, ശാന്തനുവിന്റെയും സത്യവതിയുടെയും വിവാഹം, അംബ അംബിക അംബാലികമാർ, പാണ്ഡു ധൃതരാഷ്ട്രർ വിദുരർ എന്നിവർ ജനിക്കുന്നത്, ഗാന്ധാരി ധൃതരാഷ്ട്രരെയും കുന്തി പാണ്ഡുവിനേയും വിവാഹം ചെയ്യുന്നത്, പാണ്ഡവരുടെയും കൗരവരുടെയും ജനനം, ആയോധനകല അഭ്യസിക്കുന്നത്, അരക്കില്ലം കത്തിക്കുന്നത്, കാട്ടിലേക്കുള്ള യാത്രയിൽ ഭീമൻ ഹിഡുംബിയെ കണ്ടുമുട്ടുന്നത്, അവിടെനിന്ന് തിരിച്ചുവന്നശേഷമുള്ള പാഞ്ചാലി സ്വയംവരം, സ്ഫടിക കൊട്ടാരത്തിലേക്കുള്ള വരവ്, ചൂതുകളിയിൽ പാഞ്ചാലി അപമാനിതയാകുന്നത്, വനവാസം, അജ്ഞാതവാസം, കീചകവധം, ഹസ്തിനപുരിയിൽ എത്തിയ ശേഷം ഭഗവാൻ കൃഷ്ണൻ നടത്തുന്ന സമാധാന സന്ദേശം, യുദ്ധപ്രഖ്യാപനം, കുരുക്ഷേത്ര യുദ്ധത്തിലെ പ്രധാന മരണങ്ങൾ, ഭീഷ്മർ ശരശയ്യയിൽ കിടക്കുന്നത് എന്നിങ്ങനെ പ്രധാനമായ ഏടുകളെല്ലാം അവതരിപ്പിച്ചു.

ഗാന്ധാരീ വിലാപത്തിന്റെ സമയത്ത് ഗാന്ധാരിയും പാഞ്ചാലിയും തമ്മിൽ നടത്തുന്ന സംഭാഷണമാണ് ക്ലൈമാക്സ്. യുദ്ധംകൊണ്ട് ലാഭമാണോ നാശമാണോ ലോകത്തുണ്ടാകുന്നതെന്ന് അവർ തമ്മിൽ നടത്തുന്ന വിശദീകരണം കാലികപ്രസക്തിയുള്ളതാണ്.

# മലയാളം ഗ്ലോബൽ വോയിസ് 56 ചീട്ടുകളി: സന്തോഷ്, ബാബു ബേബി സഖ്യം വിജയികൾ

ന്യൂയോർക്ക്: ലോങ്ങ് ഐലൻഡ് എൽമോണ്ടിലുള്ള കേരളാ സെന്ററിൽ കഴിഞ്ഞ ദിവസം നടത്തപ്പെട്ട മലയാളം ഗ്ലോബൽ വോയിസ് 56, 28 ചീട്ടുകളികൾ വളരെ ആവേശകരമായി പര്യവസാനിച്ചു. ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിക്കുന്ന അച്ചടി മാധ്യമമായ മലയാളം ഗ്ലോബൽ വോയിസ് പത്രാധിപർ കേരളാ സെന്ററുമായി സഹകരിച്ച് രാവിലെ എട്ടു മുതൽ ആവേശോജ്ജ്വലമായി നടത്തപ്പെട്ട ചീട്ടുകളി മത്സരം രാത്രി പതിനൊന്ന് മണിയോടെയാണ് അവസാനിച്ചത്. ന്യൂയോർക്കിലെ വിവിധ സ്ഥലങ്ങളിൽ നിന്നും, ഫിലാഡൽഫിയ, ന്യൂജേഴ്സി, കണക്ടിക്കട്ട്, ഡെലവെർ, വാഷിംഗ്ടൺ ഡി.സി. എന്നീ സംസ്ഥാനങ്ങളിൽ നിന്നും എത്തിയ ഇരുപതോളം ടീമുകളാണ് വാശിയേറിയ കളികളിൽ മാറ്റുരച്ചത്.

56 ചീട്ടുകളി മത്സരത്തിൽ ഒന്നാം സമ്മാനാർഹരായ ലോങ്ങ് ഐലൻഡ് ന്യൂഹൈഡ് പാർക്കിലെ സന്തോഷ് മാനുംകൽ, ബാബു മാനുംകൽ, ബേബി കോളങ്ങയിൽ സഖ്യത്തിന് ന്യൂയോർക്കിലെ പ്രമുഖ സി.പി.എ എബ്രഹാം ഫിലിപ്പ് സ്പോൺസർ ചെയ്ത എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും എബ്രഹാം ഹിലിപ്പ് തന്നെ വിജയികൾക്ക് സമ്മാനിച്ചു. രണ്ടാം സമ്മാനം കരസ്ഥമാക്കിയ ന്യൂ ജേഴ്സി ടീം അംഗങ്ങളായ ജോസഫ് ചാമക്കാലായിൽ, ശ്രീകുമാർ മേനോൻ, സന്തോഷ് ജോർജ് എന്നിവർക്ക് ഗ്ലോബൽ വോയിസ് എഡിറ്റോറിയൽ ബോർഡ് അംഗമായ മാത്യുക്കുട്ടി ഈശോ ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു.

വാഷിംഗ്ടൺ ഡി.സി.യിൽ നിന്നും മത്സരത്തിൽ പങ്കെടുത്ത ബിനോയ് ശങ്കരത്ത്, അരുൺ സുരേന്ദ്രനാഥ്, ഗോപകുമാർ ടീം മൂന്നാം സമ്മാനവും ന്യൂജേഴ്സിയിൽ നിന്നും പങ്കെടുത്ത ബിജു അപ്പൻ, ജോസ് വർക്കി, ബിജു ചക്കുപുരക്കൽ എന്ന ടീം നാലാം സമ്മാനവും കരസ്ഥമാക്കി. മൂന്നാം സമ്മാനമായ ട്രോഫിയും ക്യാഷ് അവാർഡും കേരളാ സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാനും നാലാം സമ്മാനമായ ട്രോഫിയും ക്യാഷ് അവാർഡും മലയാളം ഗ്ലോബൽ വോയിസ് ചീഫ് എഡിറ്റർ ഫിലിപ്പ് മഠത്തിലും വിജയികൾക്ക് സമ്മാനിച്ചു. ഒന്നാം സമ്മാനമായ എവർ റോളിങ്ങ് ട്രോഫി സി.പി.എ എബ്രഹാം ഫിലിപ്പും മറ്റ് ട്രോഫികളെല്ലാം യുവ സംരംഭകനും കുട്ടനാടൻ സന്തൂർ റസ്റ്റോറന്റ് പാർട്ണറുമായ ഫെബിൻ സൈമനുമാണ് സ്പോൺസർ ചെയ്തത്.

ഉച്ചക്ക് ശേഷം ആരംഭിച്ച 28 മത്സരവും ധാരാളം ടീമുകളുടെ പങ്കാളിത്തത്താൽ ശ്രദ്ധേയമായി. വളരെ അച്ചടക്കത്തോടും ക്രമീകൃതമായും നടത്തപ്പെട്ട മത്സരങ്ങൾ ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൺ ട്രഷററും ന്യൂയോർക്കിലെ പ്രശസ്ത വോളീബോൾ താരവുമായ ബിഞ്ചു ജോൺ, ഫോമാ മെട്രോ റീജിയൺ സെക്രട്ടറി ബോബി (ജോഷ്വ), ബിസിനസ്സ് സംരംഭകനും മലയാളം ഗ്ലോബൽ വോയിസ് അഡ്വൈസറുമായ ജെയിംസ് പിറവം തുടങ്ങിയവരുടെ മുഖ്യ മേൽനോട്ടത്തിലാണ് നിയന്ത്രിക്കപ്പെട്ടത്.

28 ചീട്ടുകളികളിൽ ഒന്നാം സമ്മാനാർഹരായ പീറ്റർ ജോസഫ്, സിബി മാത്യു, ബെന്നി ജേക്കബ് സഖ്യത്തിന് രാജ് ഓട്ടോ പുഷ്പരാജൻ മെമ്മോറിയൽ എവർ റോളിങ്ങ് ട്രോഫിയും ക്യാഷ് അവാർഡും രാജ് ഓട്ടോ സാരഥി രാജേഷ് പുഷ്പരാജൻ സമ്മാനിച്ചു. 28 മത്സരത്തിലും, 56 മത്സരത്തിലും ഒന്നാം സമ്മാനാർഹർക്ക് എവർ റോളിങ്ങ് ട്രോഫി കൂടാതെ ഓരോരുത്തർക്കും വ്യക്തിഗത ട്രോഫികളും സമ്മാനിച്ചു. 28 മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച ലൂക്ക് പതിയിൽ, റോയി തോമസ്, സിജു ജേക്കബ് ടീമിന് ട്രോഫിയും ക്യാഷ് അവാർഡും മലയാളം ഗ്ലോബൽ വോയിസ് അഡ്വൈസർ ജെയിംസ് പിറവം സമ്മാനിച്ചു.

വാഷിംഗ്ടൺ ഡി.സിയിൽ നിന്നുള്ള ബിനോയ് ശങ്കരത്ത്, ഗോപകുമാർ, അരുൺ സുരേന്ദ്രനാഥ് എന്നിവരുടെ സഹകരണവും മത്സര നടത്തിപ്പിനുള്ള പിന്താങ്ങലും പ്രശംസനീയമായിരുന്നു. 56 മത്സരങ്ങളിൽ എല്ലാ ക്രമീകരണങ്ങൾക്കും മേൽനോട്ടം വഹിച്ച സാബു സ്കറിയായുടെ സേവനം ശ്രദ്ധേയമായിരുന്നു.

മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് സഹകരിച്ചു സഹായിച്ച എല്ലാവരോടും, പ്രത്യേകിച്ച് മലയാളം ഗ്ലോബൽ വോയിസ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ എബ്രഹാം ഫിലിപ്പ്, മാത്യുക്കുട്ടി ഈശോ, ഷാജി എണ്ണശ്ശേരിൽ, ജേക്കബ് മാനുവേൽ, ജെയിംസ് പിറവം, ടോബിൻ മഠത്തിൽ, ജെയ്സൺ മാന്നാർ, കേരളാ സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ, മത്സരങ്ങൾ നിയയന്ത്രിച്ച ബിഞ്ചു ജോൺ, സാബു സ്കറിയ, ബോബി (ജോഷ്വ മാത്യു), സ്പോൺസർമാരായ രാജേഷ് പുഷ്പരാജൻ, ഫെബിൻ സൈമൺ, ഡേവിഡ് ശാമുവേൽ തുടങ്ങി പ്രത്യക്ഷവും പരോക്ഷവുമായി സഹകരിച്ച എല്ലാവരോടും മത്സരങ്ങളിൽ പങ്കെടുത്ത എല്ലാവരോടും മലയാളം ഗ്ലോബൽ വോയിസ് ചീഫ് എഡിറ്റർ ഫിലിപ്പ് മഠത്തിൽ നന്ദി രേഖപ്പെടുത്തി.

2026 ഏപ്രിൽ 20 ശനിയാഴ്ച ഇതിലും വിപുലമായി അടുത്ത വർഷത്തെ മത്സരം നടത്തുന്നതിനാണ് ക്രമീകരണങ്ങൾ ചെയ്യുന്നതെന്ന് ഫിലിപ്പ് മഠത്തിൽ പ്രസ്താവിച്ചു. ആയതിലേക്ക് ഏവരുടെയും സഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു.



⇦ ലോങ്ങ് ഐലൻഡ് എൽമോണ്ടിലുള്ളകേരളാ സെന്ററിൽ നടത്തപ്പെട്ട മലയാളം ഗ്ലോബൽ വോയിസ് 56, 28 ചീട്ടുകളി മത്സരവിജയികൾ

9 July- **Nunavut Day**

Nunavut Day is a celebration of the creation of the Canadian territory of Nunavut. The day honours the rich culture, heritage, and contributions of the Inuit people who call Nunavut home. Nunavut Day also serves as a reminder of the ongoing efforts to preserve and protect the Inuit way of life and to foster understanding and respect for Indigenous cultures in Canada.

# ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

– ശ്രീകുമാർ ഉണ്ണിത്താൻ

കേരളസർവകലാശാലയും അമേരിക്കൻ മലയാളീ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുമായി ചേർന്ന് നൽകുന്ന ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്ഡി പ്രബന്ധത്തിനാണ് പുരസ്കാരം നൽകുന്നത്. 2022 ഡിസംബർ 1 മുതൽ 2023 നവംബർ 30 വരെയും 2023 ഡിസംബർ 1 മുതൽ 2024 നവംബർ 30 വരെയും ഉള്ള കാലയളവിൽ കേരളത്തിലെ വിവിധ സർവകാലാശാലകളിൽ നിന്നും മലയാള ഭാഷയിലും സാഹിത്യത്തിലും പിഎച്ച്ഡി ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സമ്മാനർഹമാകുന്ന പ്രബന്ധത്തിന്റെ മാർഗദർശിക്ക് 5000 രൂപയും സമ്മാനമായി നൽകും. അപേക്ഷകരുടെ പിഎച്ച്ഡി പ്രബന്ധങ്ങൾ മാർഗ്ഗദർശി സാക്ഷ്യപ്പെടുത്തിയിരിക്കണം. യൂണിവേഴ്സിറ്റി തിരഞ്ഞെടുക്കുന്ന വിദഗ്ധ സമിതിയാണ് മൂല്യനിർണയം നടത്തി വിജയികളെ തിരഞ്ഞെടുക്കുന്നത്. പ്രബന്ധത്തിന്റെ ഒരു കോപ്പിയും പ്രബന്ധത്തിന്റെ സി.ഡിയും അപേക്ഷക്കൊപ്പം സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂലൈ 7ന് വൈകിട്ട് 5മണി വരെ. അവാർഡിന് അർഹമാകുന്ന പ്രബന്ധം സർവകലാശാല പ്രസിദ്ധീകരണ വിഭാഗം പുസ്തക രൂപത്തിൽ പ്രസിദ്ധികരിക്കുന്നതാണ്.

അപേക്ഷകൾ നേരിട്ടോ, തപാലിലോ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം 695034. അവാർഡിന് അർഹമാകാത്ത പിഎച്ച്ഡി പ്രബന്ധങ്ങൾ അപേക്ഷകർക്ക് സർവകലാശാലയിൽ നിന്നും തിരികെ കൈപ്പറ്റാവുന്നതാണ്. ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്നത് മുൻ പ്രസിഡന്റ് ജോർജി വർഗീസ് ആണ്.

# കലയോടൊപ്പം പൊന്നോണം ഓഗസ്റ്റ് 16ന്




ഫിലാഡൽഫിയ: കല മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള കലയോടൊപ്പം പൊന്നോണം' ഓഗസ്റ്റ് 16ന് ഫിലാഡൽഫിയയായിലെ സെന്റ് തോമസ് സീറോ മലബാർ ഓഡിറ്റോറിയത്തിൽ വെച്ച് കൊണ്ടാടുന്നു. തുടർച്ചയായ 47-ാമത് വർഷമാണ് ഇന്ത്യൻ സ്വാതന്ത്ര്യദിനവും ഓണവും കല സംയുക്തമായി ആഘോഷിക്കുന്നത്.

രാവിലെ 11 മണിക്ക് ആരംഭിക്കുന്ന ആഘോഷ പരിപാടികളിൽ മാവേലി എഴുന്നള്ളത്ത്, മെഗാ തിരുവാതിര, വിവിധയിനം കലാപരിപാടികൾ, വിഭവസമൃദ്ധമായ ഓണസദ്യ എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

കലയുടെ പ്രസിഡന്റ് സുജിത് ശ്രീധർ, വൈസ് പ്രസിഡന്റ് ജോർജ് വി. ജോർജ്, ജനറൽ സെക്രട്ടറി സ്വപ്ന സജി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി ജയിംസ് ജോസഫ്, ട്രഷറർ ഷാജി മിറ്റത്താനി, ജോയിന്റ് ട്രഷറർ സിബിച്ചൻ മുക്കാടൻ, പ്രോഗ്രാം കോർഡിനേറ്റർ സിബി ജോർജ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പരിപാടിയുടെ സമഗ്ര വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

10 July- **Global Energy Independence Day**

Global Energy Independence Day is observed on July 10 all over the world annually. It serves as a reminder to governments, organizations, and individuals about the importance of reducing reliance on non-renewable resources and transitioning towards cleaner and more resilient energy systems.

# ഡാളസ്സിലെ ദേശീയ വടംവലി മാമാങ്കത്തിൽ ന്യൂയോർക്ക് കിങ്സ് ചാമ്പ്യൻസ്




– പി പി ചെറിയാൻ

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാലസ് സംഘടിപ്പിച്ച വടംവലി മാമാങ്കത്തിൽ ന്യൂയോർക് കിങ്സ് ചാമ്പ്യൻസ് പദവി കരസ്ഥമാക്കി. ആവേശം തിരതല്ലിയ, അവസാന നിമിഷം വരെ സസ്പെൻസ് നിലനിർത്തിയ ഫൈനൽ മത്സരത്തിൽ ഹൂസ്റ്റൺ ബ്രദേഴ്സ് ടീമിനെ പരാജയപ്പെടുത്തിയാണ് ന്യൂയോർക് കിങ്സ് ചാമ്പ്യൻസ് പദവി കരസ്ഥമാക്കിയത്. വനിതാ വിഭാഗത്തിൽ ഡാളസ് ദിവാ ടീമിനെ പരാജയപ്പെടുത്തി ആഹാ ഡാളസ് ഡാർലിംഗ് പെൺപുലികൾ ട്രോഫി നേടി. ന്യൂയോർക്കിൽ നിന്നുള്ള ചാക്കോ, തോമ, ജിനു ടീമാണ് മത്സരം നിയന്ത്രിച്ചത്.

1976ൽ ആരംഭിച്ച കേരള അസോസിയേഷൻ രണ്ടാമത് സംഘടിപ്പിച്ച നാഷണൽ വടംവലി മത്സരത്തിന്റെ ഉദ്ഘാടനം അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിന്റെ അധ്യക്ഷതയിൽ ജൂൺ 14 ശനിയാഴ്ച രാവിലെ 10 മണിക്ക് ഗാർലാൻഡ് സിറ്റിയിലുള്ള സെൻറ് തോമസ് കാത്തലിക്ക് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു. മർഫി സിറ്റി കൗൺസിൽ അംഗം എലിസബത്ത്, അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, കമ്മീഷണർ പി സി മാത്യു തുടങ്ങിയവർ നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷന്റെ ചരിത്രത്തിൽ രണ്ടാം തവണ സംഘടിപ്പിക്കുന്ന വടം വലി മാമാങ്കത്തിൽ പുരുഷന്മാരുടെ 8 ടീമുകളും വനിതകളുടെ രണ്ടു ടീമുകളുമാണ് മാറ്റുരയ്ക്കുന്നതെന്നും ന്യൂയോർക്ക് ഉൾപ്പെടെ പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകളാണ് ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുന്നതെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ പറഞ്ഞു. തുടർന്ന് ചെണ്ടമേളവും ബൈക്ക് റാലിയും നടന്നു.

ചർച്ച് പാർക്കിംഗ് ലോട്ടിൽ രാത്രി 8 മണി വരെ നീണ്ട റൗണ്ട് മത്സരത്തിൽ പുരുഷന്മാരുടെ 8 ടീമുകളും വനിതകളുടെ 2 ടീമുകളുമാണ് മാറ്റുരച്ചത്. വടം വലി മത്സരത്തിൽ പങ്കെടുത്ത ഓരോ ടീമിനും ആവേശകരമായ പിന്തുണയാണ് സ്പോർട്സ് പ്രേമികൾ നൽകിയത്.

കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗ നൂറുൽ രക്ഷാധികാരിയും സെക്രട്ടറി മഞ്ജിത് കൈനിക്കര, മാത്യു നൈനാൻ, ജോസ്സി, സാബു മാത്യു, വിനോദ് ജോർജ്, ജോസി ആങ്ങിലിവേലിലും, സുബി ഫിലിപ്പും, സാബു മുകളടി, ദീപു രവീന്ദ്രൻ, നെബു കുര്യാക്കോസ്, ജിജി സ്കറിയ, ഹരിദാസ് തങ്കപ്പൻ തുടങ്ങിയ വളണ്ടിയർമാരും കേരള അസോസിയേഷൻ, ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് മത്സരത്തിന് നേതൃത്വം നൽകിയത്.

മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 5000ഡോളറും രണ്ടാം സമ്മാനമായി 3000 ഡോളറും മൂന്നാം സമ്മാനമായി 2000 ഡോളറും നാലാം സമ്മാനമായി 1000 ഡോളറും ലഭിച്ചു. മത്സര വിജയികൾക്കുള്ള ട്രോഫികൾ സ്പോൺസർ ചെയ്തിരുന്നത് രാജൻ തോമസ് (മെഗാ സ്പോൺസർ), ഷാജി സാമുവേൽ, ഫെറ്റി റൈഡ്, ത്രീ എയ്ജലസ്, ബുക്ക് ഒ ട്രിപ്പ് എന്നിവരായിരുന്നു.

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു



– അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു. ജൂൺ 15 ഞായറാഴ്ചയിലെ മൂന്നു കുർബ്ബാനയ്ക്ക് ശേഷവും കുർബ്ബാനയിൽ പങ്കെടുത്ത പിതാക്കളെ സമ്മാനം നൽകി ആദരിച്ചുകൊണ്ടായിരുന്നു ഫാദേഴ്സ് ഡേ സംഘടിപ്പിച്ചത്. കൂടാതെ ഇടവകയിലെ പിതാക്കൾക്ക് വേണ്ടി നടത്തപ്പെട്ട ക്വിസ് മത്സരം ഏറെ ശ്രദ്ധേയമായി.

വികാരി ഫാ.സിജു മുടക്കോടിൽ, അസി.വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിവസം കൂടിയായിരുന്ന ദിവസത്തിന്റെ മംഗളങ്ങൾ നേരുന്നതിനോടൊപ്പം കത്തോലിക്കാ സഭയിലെ സുപ്രധാനമായ തിരുനാളുകളിലൂടെ കടന്നുപോകുന്ന അനുഗ്രഹപൂർണമായ ജൂൺ മാസത്തിലെ ഈ ആഴ്ചകളിൽ ഏവർക്കും പ്രാർഥനാനിരതമായ ആശംസകൾ നേരുന്നതായി വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര ഇടവക സെക്രട്ടറി സി. ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, യൂത്ത് കൈക്കാരൻ നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി.ആർ.ഓ.അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളിയിൽ പിതൃദിനം ആഘോഷിച്ചു



മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളിയിൽ ജൂൺ 15ന് പിതൃദിനം ആഘോഷിച്ചു. വികാരി റവ.ഫാ. ബിനു തോമസ് അദ്ധ്യക്ഷത വഹിച്ചു. പിതാവിന്റെ കഷ്ടപ്പാട് മക്കൾ അറിയണമെന്നും, മാതാപിതാക്കളെ മക്കൾ വേണ്ടവിധം സ്നേഹിക്കണമെന്നും ശുശ്രൂഷിക്കണമെന്നും അദ്ദേഹം പറഞ്ഞു.

റെയ്ച്ചൽ ഡേവിഡ് കംപോസ് ചെയ്ത ഗാനം ഐറീൻ, ഗ്രേയ്സ്, റെബേക്ക എന്നിവർ ചേർന്ന് പാടി. അക്ഷയ് ഏബ്രഹാം നൽകിയ സന്ദേശത്തിൽ തന്റെ പിതാവ് തനിക്ക് തരുന്ന കരുതലിനും, സ്നേഹത്തിനും പ്രത്യേകം നന്ദി പറഞ്ഞു. സെക്രട്ടറി കുര്യാക്കോസ് തര്യൻ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രിൻസ് ജോൺ എം.സിയായിരുന്നു.

## ഡാലസ്സിൽ നിന്നുള്ള ഐവിൻ തോമസിന് ഈ വർഷത്തെ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം




ഡാലസ്: ഡാലസ്സിൽ നിന്നുള്ള ഐവിൻ തോമസ് ഈ വർഷത്തെ ടോൾ ടെയിൽ പ്രസംഗമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വ്യക്തികളിൽ പ്രസംഗകലയും, നേതൃപാടവവും പ്രോത്സാഹിപ്പിക്കാനും ആശയവിനിമയം സുഗമമാക്കാനുമായി നിലകൊള്ളുന്ന ലോകപ്രസിദ്ധമായ പ്രസ്ഥാനമാണ് 1924ൽ, കാലിഫോർണിയയിൽ സാന്റാ അനയിൽ രൂപംകൊണ്ട ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണൽ. ലോകമെമ്പാടും ആയിരക്കണക്കിന് ക്ലബ്ബുകളും പതിനായിരക്കണക്കിന് അംഗങ്ങളുമുള്ള ഈ പ്രസ്ഥാനം വ്യക്തിത്വ വികസനത്തിനും, ആശയവിനിമയത്തിനും പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളുമായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നു. പത്തുവർഷത്തിലധികം ഒരു ടോസ്റ്റ്മാസ്റ്റർ ആയ ഐവിൻ, ക്ലബ് തലത്തിലും, ഏരിയ തലത്തിലും, ഡിവിഷൻ തലത്തിലും മത്സരിച്ച് വിജയിച്ച ശേഷമാണ് ഡിസ്ട്രിക്ട് തലത്തിൽ ഒന്നാമതെത്തിയത്.

ടെക്സാസിലെ ഗാർലന്റിൽ സ്ഥിരതാമസമാക്കിയ ഐവിൻ, തോമസ് ചിറമ്മലിന്റേയും സാജി ദേവസ്സിക്കുട്ടിയുടെയും മകനാണ്. സഹോദരി അന്നറ്റ് തോമസ്.

## മന്ത്ര ദ്വിതീയ കൺവെൻഷനു നോർത്ത് കാരോലിനയിൽ അരങ്ങുണരുന്നു

**– രഞ്ജിത് ചന്ദ്രശേഖർ**

നോർത്ത് കരോലിനയിലെ ഷാർലറ്റിൽ ജൂലൈ 3 മുതൽ6 വരെ മന്ത്രയുടെ ദ്വിതീയ ദേശീയ കൺവെൻഷനു (ശിവോഹം 2025) അരങ്ങുണരുമ്പോൾ അത് ഹൈന്ദവ സമൂഹത്തിനു നവോന്മേഷത്തിന്റെ പുത്തൻ നാളുകളിലേക്കുള്ള ചുവടു വയ്പുകൾ ആയി തീരുന്നു. സമൂഹത്തിന്റെ ആത്മീയവും സാംസ്കാരികവും കലാ പരവുമായ ചോദനകളെ തൊട്ടുണർത്തുന്ന അസംഖ്യം വിഭവങ്ങൾ കോർത്തിണക്കിയ മഹത്തായ ആഘോഷ ദിനങ്ങൾക്ക് ശിവോഹം കൺവെൻഷൻ സാക്ഷ്യം വഹിക്കും.

പൂജ്യ സ്വാമിജി ചിദാനന്ദ പുരി മുഖ്യ അതിഥി ആകുന്ന കൺവെൻഷനിൽ, ശിവഗിരി മഠത്തിൽ നിന്നും സ്വാമി വീരേശ്വരാനന്ദ, ബ്രഹ്മശ്രീ മനോജ് നമ്പൂതിരി, ഡോ ശ്രീനാഥ് കാര്യാട്ട്, മോഹൻജി, മണ്ണടി ഹരി എന്നിവർ കൺവെൻഷനിൽ എത്തുന്ന കുടുംബ അംഗങ്ങൾക്ക് ജീവിതത്തിന്റെ ഉൾക്കാഴ്ചകളിലേക്കു വെളിച്ചം വീശുന്ന പ്രഭാഷണ പരമ്പരകൾ ഒരുക്കും.

## ഇടപ്പാറ കുടുംബത്തോടൊപ്പം ഫാദേഴ്സ് ഡേ ആഘോഷിച്ചു



ഹൂസ്റ്റൺ: ജീവിതത്തിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന പിതാക്കന്മാർ ഒത്തുകൂടിയുള്ള ഫാദേഴ്സ് ഡേ ആഘോഷം ക്നാനായ കമ്യൂണിറ്റി നേതൃസ്ഥാനം വഹിക്കുന്ന ഇടപ്പാറ മാത്യുവിന്റെ ഭവനത്തിൽ ചേർന്നു.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൺ ചാപ്റ്റർ ജോയിൻറ് സെക്രട്ടറി സജി പുല്ലാട് പ്രാർത്ഥനാ ഗാനം ആലപിച്ചു.

സെൻറ് മേരീസ് ക്നാനായ കാത്തലിക് ഫൊറോന പള്ളി അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ സന്ദേശം നൽകി.

ഫോമ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ, വർക്കി ചുള്ളിയിൽ (ന്യൂയോർക്ക്), എബ്രഹാം ഡേവിഡ് (ന്യൂയോർക്ക്), ജോർജ് ജോസഫ് (പ്രസിഡൻറ്, സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, ഹൂസ്റ്റൺ), സണ്ണി എന്നിവർ പങ്കെടുത്തു.

വിവിധ ത്യാഗങ്ങളിലൂടെ കടന്നുപോയ സന്ദർഭങ്ങളിൽ ദൈവീക സാന്നിധ്യം കൊണ്ട് ശക്തി നേടി നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുവാനും, നമ്മളായി മാറാൻ സഹായിക്കുകയും ചെയ്ത ഈ ദിനം സന്തോഷപൂരിതമായിരിക്കട്ടെ എന്ന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റും, നേർക്കാഴ്ച ചീഫ് എഡിറ്ററുമായ സൈമൺ വാളാച്ചേരിൽ ആശംസിച്ചു.

ആൻസി ഇടപ്പാറ, ജോബി എബ്രഹാം (ന്യൂയോർക്ക്), ആൻസി വർക്കി (ന്യൂയോർക്ക്), കവിത, സ്മിത എന്നിവർ എല്ലാ പിതാക്കന്മാർക്കും ആശംസകൾ നേർന്നു.

## നായർ ബനവലന്റ് അസോസിയേഷന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു



**– ജയപ്രകാശ് നായർ**

ന്യൂയോർക്ക്: നായർ ബനവലന്റ് അസോസിയേഷന്റെ ആസ്ഥാനമായ എൻബിഎ സെന്ററിൽ കൂടിയ യോഗത്തിൽ വച്ച് 2025-26 വർഷത്തെ പുതിയ ഭാരവാഹികൾ ഔദ്യോഗികമായി ചുമതലയേറ്റു.

പ്രസിഡന്റ് ക്രിസ് തോപ്പിൽ, വൈസ് പ്രസിഡന്റ് ഡോ. കെ. ചന്ദ്രമോഹൻ, സെക്രട്ടറി രഘുവരൻ നായർ, ജോയിന്റ് സെക്രട്ടറി രത്നമ്മ നായർ, ട്രഷറർ പ്രദീപ് മേനോൻ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവരും, കമ്മിറ്റി അംഗങ്ങളായി ജയപ്രകാശ് നായർ, നാരായണൻ നായർ, പ്രഭാകരൻ നായർ, പ്രദീപ് ജി. മേനോൻ, രാധാമണി നായർ, സതീഷ് കലാത്ത്, സുശീലാമ്മ പിള്ള, സുരേന്ദ്രൻ നായർ (ലോംഗ് ഐലന്റ്), സുരേന്ദ്രൻ നായർ (വെസ്റ്റ് ചെസ്റ്റർ), തിലക് കേശവ പിള്ള, ഊർമ്മിള റാണി നായർ എന്നിവരാണ് ചുമതലയേറ്റത്.

അതോടൊപ്പം ട്രസ്റ്റീ ബോർഡ് ചെയർപേഴ്സണായി വനജ നായർ, റിക്കോർഡിംഗ് സെക്രട്ടറി അപ്പുക്കുട്ടൻ നായർ, ട്രസ്റ്റീ ബോർഡ് അംഗങ്ങളായി ജി.കെ.നായർ, കരുണാകരൻ പിള്ള, രാജഗോപാൽ കുന്നപ്പള്ളിൽ എന്നിവരും ചുമതലയേറ്റു. കഴിഞ്ഞ വർഷം ക്രിസ് തോപ്പിലിന്റെ നേതൃത്വത്തിൽ നടന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളെ അംഗങ്ങളെല്ലാവരും അഭിനന്ദിച്ചു.

അസോസിയേഷന്റെ അടുത്ത ഒരു വർഷത്തെ പരിപാടികളുടെ തീയതികൾ തീരുമാനിക്കുകയും അത് ഐക്യകണ്ഠേന അംഗീകരിക്കുകയും ചെയ്തു.

10 July- **Guru Purnima**

Guru Purnima is a Hindu religious festival honouring all gurus, both academic and spiritual. Hindus, Jains, and Buddhists all participate in the holiday celebrations in India, Nepal, and Bhutan.

11 July - **World Population Day**

World Population Day is observed annually on 11 July to focus attention on the urgency and importance of population issues.

11 July - National 7-**Eleven Day**

National 7-Eleven Day is observed every year on 11 July. On this day 7-Eleven convenience stores reserve special deals for their customers. Every year it honours its customers in a variety of ways.

11 July- **Sawan**

The holy month of Sawan or Shravan begins on 11 July this year. The date for Sawan changes every year. This fifth month of the Hindu lunar calendar typically falls between July and August in the Gregorian calendar. The holy month is dedicated to Lord Shiva, one of the most revered deities in Hinduism. It is believed that observing prayers, fasting, and other rituals during this month pleases Lord Shiva and in return, he grants devotees his blessings and divine grace.